# പഞ്ചാംഗം.

ഏപ്പകത്തി നം. [illegible] ഞായറാഴ്ച അക്ഷരം

## ൧൯൩൦ ഡിസംബർ—൧൧൦൬ വൃശ്ചികം-ധനു.

| | | | | |
|---|---|---|---|---|
| 1 | 16 | തി | ശ്ലീ. അന്ത്രയോസ് (ഇന്നലെ) ന. കു. പെ. | ച്യ. |
| 2 | 17 | ചൊ | ക. വേ. ബിബിയാനാ ന. ആ. കു. പ. | ച്യ. |
| 3 | 18 | ബു | മെ൨. പ്രാൻസീസ്സോസ് ശൌർ ന. ആ. കു. പെ. | വെ. |
| | | | ☞ എ൦ണാ.മെത്രാപ്പോ.തിരു.വാഴ്ച.തൃശ്ശൂർ മെത്രാനച്ചൻ തിരു.നാമ. | |
| 4 | 19 | വ്യാ | ക. വേ. ബാർബരാ ന. ആ. കു. പെ. | ച്യ. |
| 5 | 20 | വെ | ☺ ആ. സാബാ ന. ആ. കു. പെ. | വെ. |
| | | | അമ്പഴക്കാട്ടു ൧൦ മണി ആരാധന. | |
| 6 | 21 | ശ | അ. മെ൨. നിക്കൊവോസ് ന. ആ. കു. പെ. | വെ. |
| 7 | 22 | ഞാ | ✠ ആഗമനം 2—ാം ഞാ. ന. കു. ആ. [illegible] 2 | റോ. |
| | | | ☞ നാളെ കടം. | |
| 8 | 23 | തി | ✠ എ. ഭാ. ക. മ. അമലോത്ഭവം. ന. കു. പെ. | വെ. |
| | | | പാലാ, ചങ്ങനാശേരി, എങ്ങണ്ടിയൂർ, ഭരണങ്ങാനം. | |
| 9 | 24 | ചൊ | എ. ഭാ. ക. മ. അമ. എ൦. ന. ആ. കു. പെ. | വെ. |
| 10 | 25 | ബു | എ. ഭാ. ക. മ. ഭവനമാററം ന. ആ. കു. പെ. | വെ. |
| 11 | 26 | വ്യാ | പാ. മെ൨. ദാമസോസ് ന.ആ. കു. പെ. | വെ. |
| 12 | 27 | വെ | അ. മെ൨. മ. ബസീല്യോസ് (ജൂൺ 14) ന. ആ. കു. പെ. | വെ. |
| 13 | 28 | ശ | ക വേ. ലൂക്യാ ന. ആ. കു. പെ. | ച്യ. |
| 14 | 29 | ഞാ | ✠ ആഗമനം ൩—ാം ഞായർ ന. കു. ആ, [illegible] | റോ. |
| | | | ☞ അടുത്ത ചൊവ്വാ ന. ക. പിറവി. നൊവേന തുടങ്ങും. | |
| 15 | 30 | തി | ഭാ. ക. മ. അമ. എട്ടാം ന. ആ. കു. പെ. | വെ. |
| 16 | 1 | ചൊ | അ. വേ. എവുസേബിയൂസ് ന. ആ. കു. പെ. | ച്യ. |
| | | | ☞ ന. ക. പിറവി. നൊ. തുട. | |
| 17 | 2 | ബു | ചതു. പട്ടം. ന. കു. ആ. | റോ. |
| 18 | 3 | വ്യാ | ശ്ലീ. തോമ്മാ മൈലാപ്പൂർ പ്രത്യക്ഷം ന. ആ. കു. പെ. | ച്യ. |
| 19 | 4 | വെ | ചതു. പട്ടം. ന. കു. ആ. | റോ. |
| 20 | 5 | ശ | ☻ ചതു. പട്ടം. ന. കു. ആ. | റോ. |
| 21 | 6 | ഞാ | ആഗമനം ൪—ാം ഞായർ ന. കു. ആ. [illegible] | റോ. |
| | | | ☞ മല. സുറി. ഹയരാർക്കി സ്ഥാപനം, ചങ്ങനാശേരി മെത്രാ.തിരു. വാഴ്ച, അടുത്ത ബുധൻ ഒരുനേരം, വ്യാഴം കടം. | |
| 22 | 7 | തി | ശ്ലീ. തോമ്മാ ഇന്നലെ ന. ആ. കു. പെ. | ച്യ. |
| 23 | 8 | ചൊ | ഏലീശാ നിവ്യാ (ജൂൺ ൧൧) ന. ആ. കു. പെ. | വെ. |
| 24 | 9 | ബു | ന. ക. പിറ. തലേനാൾ (ഒ. നേ.) ന. ആ. കു. തലേ. | റോ. |
| 25 | 10 | വ്യാ | ✠ ന. ക പിറവി ന. കു. പെ. | വെ. |
| 26 | 11 | വെ | (†) വേ. എസ്തപ്പാനോസ് ന. കു. പെ. | ച്യ. |
| 27 | 12 | ശ | (†) ശ്ലീ. യോഹന്നാൻ ഏവ ന. കു. പെ. | വെ. |
| 28 | 13 | ഞാ | ✠ (പിറ. ഇട.ഞാ.) വേ. കുഞ്ഞിപ്പൈ. ന.കു.പെ. [illegible] | ച്യ. |
| | | | ☞ അടുത്ത വ്യാഴം കടം. അടുത്തതു ആദ്യവെള്ളി. | |
| 29 | 14 | തി | അ. വേ. തോമ്മാ. ന. ആ. കു. പെ. | ച്യ. |
| 30 | 15 | ചൊ | ന. ആ. ക. പിറവി ഇടക്കുള്ള ഞാ. | വെ. |
| 31 | 16 | ബു | പാ. മെ൨. സിൽവെസ്ത്രോസ് ന. ആ. കു. പെ. | വെ. |



Hearty Greetings
for
A Holy Christmas
and
A Happy New Year.

# കർമ്മെല കുസുമം.

പുസ്തകം ൨൮)  ൧൯൩൦ ഡിസംബർ.  (ലക്കം ൧൨.


## അമലോത്ഭവഗീതം.

(ശ്രീമാൻ സെബാസ്ത്യൻ കോയില്പറമ്പിൽ.)

(മാത്താഡാ—എന്ന മട്ട്)

(പല്ലവി)

രാജവംശജേ–തായെ–ഉന്നതൻ ദാവീദ്. (രാജ)

(അനുപല്ലവി)

രാജരാജൻ ത്രിലോക നാഥനേശുവിൻ തായെ! (രാജ)

(ചരണങ്ങൾ)

1. ജന്മകന്മഷഹീനെ! നിർമ്മലനായകിയേ!
നന്മവാരിധെ! എന്നിൽ–നിന്മനം കനിയണേ! (രാജ)

2. പങ്കജദളനേത്രേ! തങ്കവർണ്ണസുഗാത്രേ!
നിൻകനിവെങ്കിലിന്നങ്കുരിച്ചീടണേ. (രാജ)

3. പരമ സുഷമയെഴും–പരലോകരാജ്ഞിയെ
പരിതാപ ഹാരിണി! പരമാനന്ദദായകീ! (രാജ)

4. സന്താപവാരിധിയിൽ–സന്തതം അലയുംനിൻ
സന്തതികളിലനുകമ്പയായ് കടാക്ഷിക്ക. (രാജ)

## പ്രസാധകക്കുറിപ്പുകൾ

### ആഗമനകാലവും മ്ശിഹായുടെ പിറവിത്തിരുനാളും.

നമ്മുടെ കർത്താവിന്റെ പിറവിത്തിരുനാളിനു മുമ്പുള്ള നാലു ആഴ്ചകളേയാണ ആഗമനകാലം എന്നു തിരുസ്സഭ സാമാന്യമായി വിളിച്ചുവരുന്നത്. ആദത്തിന്റെ വീഴ്ചയുടെ ശേഷം നാലു യുഗങ്ങൾ കഴിഞ്ഞു വാഗ്ദാനം ചെയ്ത രക്ഷകൻ ഭൂമിയിൽ ജാതനായതിനെ അനുസ്മരിപ്പിക്കുന്നതിനായിട്ടാണ വർഷന്തോറും പിറവിത്തിരുനാളിനു മുമ്പുള്ള നാലു ആഴ്ചകൾ ആഗമനകാലമായി നിശ്ചയിച്ചിരിക്കുന്നത്.

ഈ കാലസന്ധി ക്രിസ്ത്യാനികളേവരും മ്ശിഹായുടെ വരവിനായി തങ്ങളെത്തന്നെ തയ്യാർ ചെയ്യുന്നതിനു വിനിയോഗിക്കണമെന്നാണ് തിരുസഭയുടെ അഭിലാഷം. ഒന്നാം ഞായറാഴ്ചയിലെ കുർബാനയിൽ 'ഉറക്കത്തിൽ നിന്ന് ഉണരാനുള്ള സമയമായി' എന്നുള്ള വി. പൌലോസിൻെറ ഉപദേശമാണ് തിരുസ്സഭ തൻെറ മക്കളെ ഓർമ്മിപ്പിക്കുന്നത്. ഈശോമ്ശിഹാ കർത്താവിനെ ധരിക്കണമെന്നും പ്രത്യേകം ഉപദേശിക്കുന്നു. ഈ ഉപദേശം ഫലപ്രദമാകുന്നതിനു പാപികൾക്കു വരുവാനിരിക്കുന്ന ഭയങ്കര ശിക്ഷയെ നമ്മുടെ മനസ്സിൽ ഒരു ചിത്രത്തിലെന്നപോലെ പ്രതിബിംബിപ്പിക്കുന്ന ഒടുവിലത്തെ വിധിയുടെ വിവരണം വി. ലൂക്കാ എഴുതിയിരിക്കുന്ന ഭാഗവും തിരുസ്സഭ തൻെറ മക്കളുടെ ഓർമ്മയിൽ വരുത്തുന്നു. മനുഷ്യൻ തൻെറ സുഖഭോഗങ്ങളെ നിയന്ത്രിച്ചു പുണ്യാഭ്യാസം ചെയ്യേണ്ടതിനാൽ ആഗമനകാലത്തു പ്രത്യേക ഉപവാസങ്ങളും ശുദ്ധഭോജനവും തിരുസഭ നിശ്ചയിച്ചിട്ടുണ്ട്. ഈ ശുദ്ധഭോജനവും ഉപവാസവും ശരിയായി അനുസരിച്ചു നമ്മുടെ സുഖഭോഗങ്ങളെ ജയിച്ചു പാപമായ ഉറക്കത്തിൽനിന്നുണർന്നു സാക്ഷാൽ മ്ശിഹായെ ധരിക്കുന്ന ക്രിസ്ത്യാനികളായെങ്കിൽ മാത്രമെ നമ്മുടെ കർത്താവിൻെറ പിറവിത്തിരുനാളിലെ സന്തോഷം പൂർണ്ണമായി ആസ്വദിക്കുന്നതിനു നമുക്കു കഴികയുള്ളു. ആകയാൽ ഈദൃശമായ മനഃസ്ഥിതിയോടെ ഏവരും ക്രിസ്തുവിൻെറ ജനനത്തിരുനാളിനു തങ്ങളെത്തന്നെ ഒരുക്കേണ്ടതാണ്. ആസന്നമായിരിക്കുന്ന പിറവിയുടെയും നവവത്സരത്തിൻെറയും മംഗളം ഏവർക്കും ആശംസിച്ചുകൊള്ളുന്നു.

## ഒരുശതാബ്ദപൂർത്തി.

കേരളീയ സുറിയാനി കർമ്മലീത്താസഭയും, അതിൻെറ വകയായി ഇപ്പോഴുള്ള ആശ്രമങ്ങളുടെ മാതൃസ്ഥാനം വഹിക്കുന്ന മാന്നാനം സന്യാസാശ്രമവും ആരംഭിച്ചതു 1831 മേയ് മാസത്തിലാണ്. തന്നിമിത്തം പ്രസ്തുത സഭക്കാർക്ക് ഇക്കൊല്ലം ഒരു അസാധാരണ ജൂബിലിവത്സരമാണെന്നുള്ളവിവരം സസന്തോഷം ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഈ ശുഭാവസരത്തിൽ ഈ സഭക്കാർക്കും കഴിഞ്ഞ ഒരു നൂറു സംവത്സരങ്ങൾക്കിടയിൽ ഇവർ വഴിയായി കേരളത്തിനു പൊതുവെയും ലഭ്യമായിട്ടുള്ള നിരവധി നന്മകളെക്കുറിച്ചു ദൈവത്തിനു ഏവരും പ്രത്യേകം കൃതജ്ഞത പ്രദർശിപ്പിക്കണമെന്നു സാദരം അപേക്ഷിക്കുന്നു. ഈ ജൂബിലിയാഘോഷം സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്.

## അവിവാഹിതത്വം.

തിരുവിതാംകൂറിൽ അദ്ധ്യാപികമാർ വിവാഹം കഴിച്ചവരായിരിക്കരുതെന്ന് ഒരു നിയമം വേണമെന്നു സ്കൂൾ ഇൻസ്പെക്ട്രസ് ഗവർമ്മെൻറിലേക്കെഴുതിയതായി ഒരു വർത്തമാനം കേട്ടയുടനെ പത്രങ്ങൾ ഈ അഭിപ്രായത്തെ പൊതുവെ ആക്ഷേപിക്കുകയുണ്ടായി. ആ കൂട്ടത്തിൽ തലശ്ശേരിയിൽ നിന്നും പുറപ്പെടുന്ന ഒരു ഹിന്ദുപത്രമായ "ഗജകേസരി" എഴുതിയിരിക്കുന്ന മുഖപ്രസംഗത്തിൽ ഒരു ഭാഗം ഇങ്ങനെയാണ്:— പ്രസവിക്കാനും ശുശ്രൂഷ ചെയ്വാനും ബാദ്ധ്യതയില്ലാത്ത സ്ത്രീകൾക്ക് ഉദ്യോഗം വഹിക്കുവാൻ കൂടുതൽ സൗകര്യമുണ്ടാകുമെന്ന കാര്യം ഞങ്ങൾ വിസ്മരിക്കുന്നില്ല. നിത്യകന്യകകളായി ജീവിക്കുന്ന കത്തോലിക്കാ വനിതകൾ സ്കൂൾ ഭരണം നല്ലപോലെ നടത്തുന്നതും വാസ്തവംതന്നെ. കത്തോലിക്കരായ കന്യാസ്ത്രീകൾ ലോകസേവനാർത്ഥം സ്വന്തമനസ്സാലെ വിവാഹബന്ധം ഉപേക്ഷിച്ചവരാണ്. സ്വന്തമനസ്സാലെ നിത്യകന്യകകളാകുന്നവരും നിയമം മൂലം കന്യകകളാകുവാൻ നിർബന്ധിതരാകുന്നവരും തമ്മിൽ വളരെ അന്തരമുണ്ട്. നിയമത്തിനടിമപ്പെട്ടർ ഐഹിക സുഖാനുഭവത്തിൽ അഭിലാഷമുള്ളവരായിരിക്കും. അങ്ങിനത്തവരുടെ സ്ഥിതി ... ശോചനീയമായിത്തീരുവാൻ ധാരാളം മാർഗ്ഗമുണ്ട്.

# പരിശുദ്ധ കന്യക
# മറിയത്തിൻെറ അമലോത്ഭവം.

(ഫാദർ റൊമേയൊ തോമസ് എം. ഏ. (ഓണേഴ്സ്), എൽ. റി.)

അകത്തോലിക്കർ, കത്തോലിക്കാമതതത്വങ്ങളെ പലപ്പോഴും അവയുടെ ശരിയായ അർത്ഥത്തിൽ ഗ്രഹിക്കുന്നില്ല. കത്തോലിക്കാ മത തത്വങ്ങളെ മനസ്സിലാക്കുന്നതിനു അവർ പ്രായേണ ഉപയോഗിക്കാറുള്ള പ്രധാന മാർഗ്ഗം, സഭയുടെ ബദ്ധവൈരികൾ പകഞ്ഞുകെട്ടി ഉണ്ടാക്കിയിട്ടുള്ള അബദ്ധപ്രസ്താവനകളാണ്. കല്പനാശക്തിക്കനുസരിച്ചു ആ പ്രസ്താവനകളെ ഒന്നു വ്യാഖ്യാനിക്ക കൂടി ചെയ്യുമ്പോൾ കത്തോലിക്കാമതതത്വങ്ങളുടെ രൂപാന്തരം പൂർണ്ണമായി തീരുന്നു. കത്തോലിക്കാ മതതത്വങ്ങൾ എന്നു അകത്തോലിക്കർ സങ്കല്പിക്കുന്ന ഈ സംഗതികൾ കത്തോലിക്കാസഭ പഠിപ്പിക്കയോ ഉപദേശിക്കയോ ചെയ്യുന്ന തത്വങ്ങളല്ല; യഥാർത്ഥകത്തോലിക്കാ ഉപദേശങ്ങളുടെ വെറും വികൃതചിത്രങ്ങൾ മാത്രമാണു അവ. ഇപ്രകാരമുള്ള വികൃതചിത്രങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടാണ് അകത്തോലിക്കർ കത്തോലിക്കാ സഭയോടു പോരിനു പുറപ്പെടുന്നതു്. കത്തോലിക്കർ മൂഢന്മാരും അന്ധവിശ്വാസികളും വികൃതതത്വങ്ങൾ ഉപദേശിക്കുന്നവരും ആണെന്നു എത്രമാത്രം ആവർത്തിച്ചു പ്രസംഗിച്ചാലും ഇക്കൂട്ടർക്ക് തൃപ്തി വരികയുമില്ല. ഇപ്രകാരം അടിസ്ഥാനരഹിതങ്ങളായ ശകാരവർഷങ്ങൾക്കു വിഷയീഭവിച്ചിട്ടുള്ള വിശിഷ്ടങ്ങളായ കത്തോലിക്കാമതതത്വങ്ങളിൽ ഒന്നാണു ദൈവമാതാവായ പരിശുദ്ധകന്യക മറിയത്തിൻെറ അമലോത്ഭവം.

അമലോത്ഭവം എന്ന കത്തോലിക്കാ ഉപദേശത്തിൻെറ ശരിയായ അർത്ഥം ഗ്രഹിച്ചിട്ടുള്ളവരോ, ഗ്രഹിക്കുന്നതിനു യഥാർത്ഥശ്രമം ചെയ്യുന്നവരോ ആയ അകത്തോലിക്കർ എത്രയോ ചുരുക്കമാണ്. കത്തോലിക്കർ ഒരിക്കലും വിശ്വസിക്കാത്ത ഒരു അബദ്ധാഭിപ്രായമാണു കത്തോലിക്കരുടെ അമലോത്ഭവ ഉപദേശമായി പല അകത്തോലിക്കരും ചൂണ്ടിക്കാണിക്കുന്നതു്. പരിശുദ്ധ കന്യകയുടെ അമലോത്ഭവം എന്നു വെച്ചാൽ അവളുടെ അത്ഭുതകരമായ കന്യാജനനം എന്നാണ് ചില അകത്തോലിക്കർ അർത്ഥമാക്കുന്നതു്. ഇതു് സർവ്വഥാ അബദ്ധവും, കത്തോലിക്കാ ഉപദേശത്തിനു വിരുദ്ധവുമാണ്.

മിശിഹാതമ്പുരാൻെറ ജനനം അത്ഭുതപരമായ കന്യാജനനംതന്നെ ആയിരുന്നു. സ്വാഭാവമുറയ്ക്കുള്ള ജനയിതാവു അവിടത്തേക്കില്ല. അവിടുന്നു പരിശുദ്ധാരൂപിയാൽ ജനിപ്പിക്കപ്പെട്ടു. മിശിഹായുടെ ശരീരം പരിശുദ്ധകന്യകമറിയത്തിൻെറ ഉദരത്തിൽ അങ്ങേ മാംസത്തിൽ നിന്നു പരിശുദ്ധാരൂപിയാൽ അത്ഭുതകരമായി നിർമ്മിക്കപ്പെട്ടതാണ്. മിശിഹായുടെ ജനനസമയത്തും അതിനുമുമ്പും അതിൻെറ ശേഷവും, എല്ലായ്പോഴും ദൈവമാതാവു പരിപൂർണ്ണകന്യകയായിരുന്നു.

എന്നാൽ ദൈവമാതാവിൻെറ ജനനം അത്ഭുതകരമായ കന്യാജനനമല്ല. ദൈവമാതാവു ഒരു കന്യകയിൽ നിന്നല്ല ജനിച്ചതു്. ആദത്തിൻെറ മറ്റു സന്തതികൾക്കുള്ളതുപോലെ, പരിശുദ്ധകന്യകയ്ക്കും സ്വാഭാവികപിതാവുണ്ട്. പരിശുദ്ധകന്യകയുടെ വെറും വളർത്തുപിതാവല്ല, സാക്ഷാലുള്ള സ്വാഭാവികപിതാവാണു വിശുദ്ധ യോവാക്കീം ബാവാ. മാതാപിതാക്കന്മാരെ സംബന്ധിച്ചിടത്തോളം ദൈവമാതാവിൻെറ ജനനത്തിനു ഇതരമനുഷ്യരുടെ ജനനത്തിനു

ള്ളതിൽ നിന്നു ഏതെങ്കിലും വ്യത്യാസമുണ്ടെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നില്ല.

അമലോത്ഭവം എന്ന വരം നേരിട്ടു ബന്ധിക്കുന്നതു പരിശുദ്ധ കന്യകയുടെ ശരീരത്തെയല്ല, ആത്മാവിനെയാണ്. മനുഷ്യകുലത്തിൻെറ ആദിമമാതാപിതാക്കന്മാരായ ആദത്തെയും ഹാവായേയും വരപ്രസാദസഹിതമാണു ദൈവം നിർമ്മിച്ചതു്. അതായതു്, അവരുടെ ആത്മാവുകൾ നൽവരസഹിതം സൃഷ്ടിക്കപ്പെട്ടു. ആദിമ മാതാപിതാക്കന്മാർ ദൈവത്തോടു വിശ്വസ്ഥരായിരുന്നെങ്കിൽ, ഈ വിശ്വസ്ഥതയുടെ സമ്മാനമായി, അവരുടെ സന്തതികളും അവരുടെ നൽവരത്തിനു ജനനാൽത്തന്നെ അവകാശികളാകുമായിരുന്നു. ഈ സന്തതികളുടെ ആത്മാക്കൾ ആദിമ മാതാപിതാക്കന്മാരുടെ ആത്മാവുകളേപ്പോലെ വരപ്രസാദസഹിതം സൃഷ്ടിക്കപ്പെടുമായിരുന്നു. ഈ ആത്മാക്കൾ വരപ്രസാദസഹിതം ശരീരങ്ങളോടു സംയോജിപ്പിക്കപ്പെടുമായിരുന്നു.

എന്നാൽ ആദം ദൈവപ്രമാണം ലംഘിച്ചു, പാപം ചെയ്തതിനാൽ വരപ്രസാദം നഷ്ടമാക്കി. തനിക്കു മാത്രമല്ല, സന്തതികൾക്കും അതിനെ നഷ്ടമാക്കി. ആദത്തിൻെറ പാപം മൂലം മനുഷ്യരുടെ ആത്മാക്കൾ ദൈവവരപ്രസാദമില്ലാത്ത അവസ്ഥയിൽ സൃഷ്ടിക്കപ്പെട്ടു, ശരീരങ്ങളോടു സംയോജിപ്പിക്കപ്പെടുന്നു.

ആത്മാവും ശരീരവും കൂടിയ ഒരു ജീവിയാണല്ലൊ മനുഷ്യൻ. ശരീരം മാത്രം മനുഷ്യനല്ല, ആത്മാവുമാത്രവും പൂർണ്ണമനുഷ്യനല്ല. രണ്ടിൻെറയും സംയോജനത്തിൽ നിന്നുള്ള ഒരു സംയുക്തസത്വമാണ് മനുഷ്യൻ. അതുകയാൽ ഒരു മനുഷ്യൻ അഥവാ ഒരാൾ ജനിക്കുന്നു എന്നു താത്വികമായി പ്രസ്താവിക്കുന്നതു, മാതൃവുദരത്തിൽ ഉരുവാക്കപ്പെട്ട ശരീരത്തിൽ ആത്മാവിനെ സൃഷ്ടിച്ചു ശരീരത്തോടു അതിനെ ക്രമാനുപിതമായിദൈവം സംയോജിപ്പിക്കുമ്പോൾ മാത്രമാണ്.

ആദത്തിൻെറ പാപത്തിൻെറ ഫലമായി അയാളുടെ സന്തതികളുടെ ആത്മാക്കൾ വരപ്രസാദരഹിതരായി സൃഷ്ടിക്കപ്പെടുന്നുവെന്നു പ്രസ്താവിച്ചുവല്ലൊ. മനുഷ്യാത്മാക്കൾ സൃഷ്ടിക്കപ്പെട്ടു ശരീരങ്ങളോടു യോജിപ്പിക്കപ്പെടുന്നതു വരപ്രസാദരഹിതങ്ങളായിട്ടാണ്. അതായതു, മനുഷ്യർ വരപ്രസാദരഹിതരായി ജനിക്കുന്നു. ജനിക്കുമ്പോൾതന്നെ വരപ്രസാദം ഉണ്ടാകേണ്ട മനുഷ്യർ, ആദത്തിൻെറ പാപംനിമിത്തം വരപ്രസാദരഹിതരായി ജനിക്കുന്നതിനാണ് ഉത്ഭവപാപത്തോടുകൂടെജനിക്കുന്നു എന്നുപറയുന്നതു.

പാപം എന്നതു വരപ്രസാദത്തിൻെറ അഭാവമാണ്. ഈ അഭാവം ഒരു മനുഷ്യനിൽ ഉണ്ടാകുന്നതു രണ്ടു കാരണങ്ങളാലാകാം. ഒരുവൻെറ കുററകരമായ പ്രവൃത്തിയുടെ ഫലമായിട്ടോ, അഥവാ ആദത്തിൻെറ അനുസരണക്കേടിൻെറ ഫലമായിട്ടോ ആയിരിക്കാം. അവനവൻെറ കുററത്തിൻെറ ഫലമായി വരപ്രസാദം നഷ്ടീഭവിക്കുന്നതിനാണു കർമ്മപാപം (actual sin) എന്നു പറയുന്നതു്. വരപ്രസാദത്തോടുകൂടെ ജനിക്കേണ്ട ആദത്തിൻെറ സന്തതികൾ അയാളുടെ അനുസരണക്കേടു നിമിത്തം വരപ്രസാദരഹിതരായി ഉത്ഭവിക്കുന്നു. ഇപ്രകാരം ഓരോരുത്തരുടെയും ഉത്ഭവത്തിൽതന്നെയുള്ള വരപ്രസാദത്തിൻെറ അഭാവത്തിനാണു ഉത്ഭവപാപം (original sin) എന്നു പറയുന്നതു്.

അതുകയാൽ ഉത്ഭവപാപം എന്നതു, ഓരോ മനുഷ്യൻെറയും പ്രവൃത്തിയുടെ ഫലമായ കർമ്മപാപംപോലെയുള്ള ഒരു പാപമല്ല. ഉത്ഭവപാപം വെറും ഭോഗാഭിരുചിയും (concupiscence) അല്ല. ഭോഗാഭിരുചി ഉത്ഭവപാപത്തിൻെറ ഒരു ഫലം അഥവാ അവകാശം മാത്രമാണ്. ആത്മാവിനെയൊ മനുഷ്യസ്വഭാവത്തെത്തന്നെയൊ യഥാർത്ഥത്തിൽ രൂപാന്തരപ്പെടുത്തുന്ന ഒരു വിഷസാധനവുമല്ല ഉത്ഭവപാപം. പ്രഥമ ദൈവവിധിപ്രകാരം ഓരോ മനുഷ്യനും ജനനത്തിങ്കൽതന്നെ അർഹ്യമായിരുന്ന വരപ്രസാദം ആദത്തിൻെറ പാപം നിമിത്തം ജനനത്തിങ്കൽ മനുഷ്യനു ലഭിക്കാതിരിക്കുന്ന സ്ഥിതി, അഥവാ അർഹ്യമായിരുന്ന വരപ്രസാദത്തിൻെറ അഭാവം മാത്രമാണ് ഉത്ഭവപാപം.

അനുസരണക്കേടു നിമിത്തം ആദം തനിക്കും സന്തതികൾക്കും ദൈവപ്രസാദവരം നഷ്ടമാക്കിയെന്നു പറഞ്ഞുവല്ലോ. എന്നാൽ കരുണാപാരിധിയായ ദൈവം ആദത്തെ അനുഗ്രഹിച്ചു. പാപവിമോചനവും രക്ഷയും അയാൾക്കു സമ്പാദിച്ചുകൊടുക്കുന്നതിനു ഒരു രക്ഷിതാവിനെ ദൈവം അയാൾക്കു വാഗ്ദാനം ചെയ്തു. വരുവാനിരുന്ന ആ ദിവ്യരക്ഷിതാവിൻെറ യോഗ്യതകളെ കടാക്ഷിച്ചുകൊണ്ടു അനുതാപിയായ ആദത്തിനു ദൈവം നഷ്ടപ്പെട്ട വരപ്രസാദം വീണ്ടും കൊടുത്തു. ആദത്തിൻെറ സന്തതികൾക്കു ഈ വരപ്രസാദം ലഭ്യമാകുന്നതും ഈ ദിവ്യരക്ഷകൻെറ യോഗ്യതകൾനിമിത്തമാണ്. ആദത്തിൻെറ സന്തതികൾക്കു ഉത്ഭവസമയത്തു തന്നെ ഈ വരപ്രസാദം ലഭിക്കുന്നില്ല. ആത്മാവു വരപ്രസാദരഹിതമായിതന്നെ സൃഷ്ടിക്കപ്പെടുന്നു. ഉത്ഭവത്തിൻെറ ശേഷവും സാമാന്യമായി പിറവിയുടെശേഷവും മാത്രമാണു, മനുഷ്യർ ഉത്ഭവപാപത്തിൽ നിന്നു ശുദ്ധീകരിക്കപ്പെട്ടു് വരപ്രസാദം പ്രാപിക്കുന്നതു്. (തുടരും)

# സുവിശേഷ വിവരണം.

## ആഗമനം 2-ാം ഞായർ, (ഡിസംബർ 7.)

സുവിശേഷം— എന്നാൽ കാരാഗൃഹത്തിൽ വെച്ചു യോഹന്നാൻ മ്ശിഹായുടെ പ്രവൃത്തികളെ കേട്ടാറെ, അയാൾ തൻെറ ശിഷ്യരിൽ രണ്ടുപേരെ അയച്ചു, 'വരുവാനുള്ളവൻ നീയോ, അഥവാ ഞങ്ങൾ മറ്റൊരുത്തനെ കാത്തിരിക്കണമോ' എന്നു അങ്ങയോടു പറയിച്ചു. ഈശോ ഉത്തരമായിട്ടു അവരോടു നിങ്ങൾ ചെന്നു നിങ്ങൾ കേൾക്കുകയും, കാണുകയും ചെയ്യുതുകളെ യോഹന്നാനോടു അറിയിപ്പിൻ: കുരുടർ കാണുന്നു, മുടന്തർ നടക്കുന്നു: കുഷ്ഠരോഗികൾ ശുദ്ധരാക്കപ്പെടുന്നു: ചെകിടർ കേൾക്കുന്നു; മരിച്ചവർഉയിർക്കുന്നു: ദരിദ്രർക്കു സുവിശേഷം അറിയിക്കപ്പെടുന്നു. എന്നാൽ എന്നിൽ വിരുദ്ധത തോന്നാത്തവൻ ഭാഗ്യവാനാകുന്നു, എന്നുഅരുളിച്ചെയ്തു. പിന്നെ അവർ പോയശേഷംഈശോ യോഹന്നാനെക്കുറിച്ചു പറയുവാൻ തുടങ്ങി. നിങ്ങൾ എന്തുകാണ്മാൻ വനത്തിലേയ്ക്കു പോയി? കാറ്റിനാൽ ഉലയുന്ന ഞാങ്ങണയേയൊ? എന്നാൽ നിങ്ങൾ എന്തു കാണ്മാൻ പുറപ്പെട്ടുചെന്നു? മൃദുത്വമുള്ള വസ്ത്രങ്ങൾ ധരിച്ചൊരു മനുഷ്യനേയൊ? ഇതാമൃദുത്വമുള്ള വസ്ത്രങ്ങൾ ഉടുക്കുന്നവർ രാജഭവനങ്ങളിലാകുന്നു. എന്നാൽ നിങ്ങൾ എന്തുകാണ്മാൻ പുറപ്പെട്ടുചെന്നു? ഒരു ദീർഘദർശിയേയൊ? അതെ! ദീർഘദർശിയേക്കാളധികം എന്നു ഞാൻ നിങ്ങളോടുപറയുന്നു. എന്തുകൊണ്ടെന്നാൽ ഇതാ എൻെറ ദൂതനെ എൻെറ മുമ്പാകെ അയയ്ക്കുന്നു, അവൻ നിൻെറ മുമ്പിൽ നിൻെറ വഴി ഒരുക്കും എന്നു ആരെക്കുറിച്ചു എഴുതപ്പെട്ടിരിക്കുന്നുവോ, അവൻ ഇവനാകുന്നു (വി. മത്തായി XI. 2– 10).

വിവരണം:– 1. വി. യോഹന്നാൻ മാംദാനാ സ്വന്ത ശിഷ്യന്മാരെ മിശിഹായുടെ പക്കലേയ്ക്കു അയച്ചതു എന്തിനാണ്?

സ്വന്ത ശിഷ്യന്മാർ ഈശോയെ നേരിട്ടു കാണുന്നതിനും, ദീർഘദർശികൾ വഴി ദൈവം വാഗ്ദാനം ചെയ്തിരുന്ന മിശിഹാഅവിടന്നുതന്നെയാണെന്നു അറിഞ്ഞു വിശ്വസിക്കുന്നതിനും വേണ്ടി അവർക്കു തക്കതായ ഒരു അവസരം കൊടുക്കുന്നതിനായിട്ടു മാത്രമാണ്, മിശിഹായുടെ മുന്നോടിയായ വി. യോഹന്നാൻ നീതിയെപ്രതി പാറാവിൽ കിടന്നു

കഷ്ടതയനുഭവിച്ചിരിക്കെ ശിഷ്യന്മാരെ മിശിഹായുടെപക്കലേക്കയച്ചതു. വി. യോഹന്നാനാകട്ടെ യോർദനാൻ നദിയിൽ വെച്ചുനടന്ന മിശിഹായുടെ ജ്ഞാനസ്നാനാവസരത്തിൽ ഉണ്ടായ അത്ഭുതസംഭവങ്ങളും മററുംമൂലം ഈ സംഗതിയിൽ യാതൊരു സംശയവും ഇല്ലായിരുന്നു.

2. വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ താനാകുന്നുവെന്നു ഈശോ എങ്ങിനെയാണു തെളിയിച്ചതു്?

വി. ഏശായാ ദീർഘദർശിയുടെ പ്രവചനത്തിലേക്കു അവരുടെ ദൃഷ്ടിയെ ആകർഷിച്ചിട്ടു്, മിശിഹായെപററി വളരെക്കാലം മുമ്പായി ദീർഘദർശി പ്രവചിച്ചിട്ടുള്ളവ ശരിവരെ തന്നിൽ നിറവേറിയിട്ടുണ്ടെന്നുകാണിച്ചുകൊണ്ടാണു തൻെറ ദിവ്യതയെഅവിടുന്നു തെളിയിച്ചുകാണിച്ചതു്. ഇതിനാലത്രെ അവർ സ്വന്തചെവികൊണ്ടു തന്നിൽ നിന്നു കേട്ട ദിവ്യപഠിനങ്ങളും, ദൃക്സാക്ഷികളിൽ നിന്നു തന്നെപ്പററികേട്ടറിഞ്ഞ സംഗതികളും, സ്വന്തകണ്ണുകൾകൊണ്ടു നേരിട്ടുകണ്ട അത്ഭുതസംഭവങ്ങളും മാത്രം വി. യോഹന്നാനോടും തന്നെപ്പററി അറിയാനാഗ്രഹിക്കുന്ന മറേറവരോടും അറിയിക്കാൻ മിശിഹാ സധൈര്യം ആജ്ഞാപിക്കുന്നതു്. മാത്രമല്ല, ഈശോയുടെ ദരിദ്രപ്പെട്ടതും എളിയതുമായ ജീവിതവും, ലൗകികാഭിപ്രായത്തിനും ജഡികന്യായത്തിനും കഠിനമായി തോന്നുന്ന പഠിനവും, വരുവാനിരുന്ന അപമാനവും വ്യാകുലവും നിറഞ്ഞ കുരിശുമരണവും നിമിത്തം അങ്ങെ വിശ്വസിക്കാതെ ഭിന്നിച്ചുപോകയോ അങ്ങെ അനുകരിക്കാൻ മടിക്കയോ ചെയ്യാത്തവൻ ഭാഗ്യവാൻ എന്നു കൂടയും അവിടുന്നു അരുളിച്ചെയ്തു.

3. മിശിഹാ വിശുദ്ധ യോഹന്നാനെ എന്തുകൊണ്ടാണു സ്തുതിച്ചതു്? എപ്പോഴാണു സ്തുതിച്ചതു്?

വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായായ തൻെറ വരവിനെ അറിയിച്ചുകൊണ്ടു പ്രസംഗിച്ചിരുന്ന തൻെറ മുന്നോടിയായ വി യോഹന്നാനെ കേട്ടനുസരിക്കുന്നതിനു വേണ്ടിയാണു് ഈശോ വി. യോഹന്നാനെ സ്തുതിച്ചതു്. ഈ സ്തുതി



കളാകട്ടെ, ക്രീസ്തു പ്രസ്താവിച്ചതു്, വി. യോഹന്നാൻെറ ശിഷ്യർ പോയശേഷം മാത്രമാണു്. അവർ ഇവ വി. യോഹന്നാനോടു ചെന്നു പറയാതിരിക്കുന്നതിനും, അവിടുന്നു മുഖസ്തുതി പറയുന്നുവെന്നു തെററിധരിക്കാതിരിക്കുന്നതിനും വേണ്ടി മിശിഹാ ഈവിധം ചെയ്തുവെന്നു വിചാരിക്കാം. ഇതരന്മാരുടെ പുണ്യങ്ങളെപ്പററി പ്രശംസിച്ചു പറയുമ്പോൾ അവർക്കു മായസ്തുതിക്കും, അഹങ്കാരത്തിനും ഇടകൊടുക്കാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധാലുക്കളായിരിക്കണമെന്നു ഇതിനാൽ മിശിഹാ നമ്മെ പഠിപ്പിക്കുന്നു

4. വി. യോഹന്നാനെക്കുറിച്ചു പറഞ്ഞ സ്തുതികൾ ഏവ?

വി. യോഹന്നാൻ കാററിനാൽ ഉലയുന്ന ഞാങ്കണ പോലെ മനുഷ്യരുടെ സ്തുതികൾകേട്ടു അഹങ്കരിച്ചു പോകയോ ഈ ജീവിതത്തിൽ അവശ്യം നേരിടുന്ന ഞെരുക്കങ്ങളും സങ്കടങ്ങളും മൂലം സ്ഥിരനിശ്ചയങ്ങളിൽ നിന്നു വ്യതിചലിക്കയോ ചെയ്യത്തക്ക ഒരു മന:സ്ഥിതിയുള്ളവനോ, മൃദുത്വമുള്ള വസ്ത്രങ്ങൾ ധരിക്കുന്ന രാജാക്കന്മാരെപ്പോലെ ലോകാഡംബരങ്ങളോ ഐഹികസുഖസന്തോഷങ്ങളോ അന്വേഷിക്കുന്നവനോ അല്ലെന്നും, നേരെമറിച്ചു എളിമ, സ്വയനിഗ്രഹം, ജ്ഞാനതീക്ഷ്ണത, പ്രായശ്ചിത്തം, നോമ്പു ആദിയായ പുണ്യങ്ങളിൽ പ്രശോഭിതനാകയാൽ സകല ദീർഘദർശികളേയുംകാൾ വലിയവനാ

ണെന്നും, നിൎമ്മലജീവിതത്താൽ മാലാഖമാൎക്കു സദൃശ്യനാണെന്നുമാണു മിശിഹാ വി. യോഹന്നാനെപ്പററി പറഞ്ഞ പ്രശംസകൾ.

5. ഈ തിരുവചനങ്ങളാൽ മിശിഹാ നമ്മെ എന്താണു പഠിപ്പിക്കുന്നതു്?

മിശിഹായേയും അവിടത്തെ ദിവ്യോപദേശങ്ങളേയും പ്രസംഗിക്കുന്നവരിലും, യഥായോഗ്യം സ്വീകരിക്കാനാഗ്രഹിക്കുന്നവരിലും അവശ്യം ഉണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങളുടെ ഒരുത്തമമാതൃക ഇവിടെ എടുത്തുകാണിച്ചുകൊണ്ടു് ഈദൃശന്മാർ ഈ മാതൃകയനുസരിച്ചു നീതിക്കും ന്യായത്തിനും വിരുദ്ധമായ യാതൊന്നും പ്രവൎത്തിക്കാതെ വിവിധപുണ്യാഭ്യാസങ്ങളിൽ സ്ഥിരനിഷ്ഠയുള്ളവരും ഇന്ദ്രിയസുഖങ്ങളെ വൎജ്ജിച്ചുജീവിക്കുന്നവരും മാലാഖമാരെപ്പോലെ ഹൃദയനിൎമ്മലതയുള്ളവരുമായിരിക്കണമെന്നാണു മിശിഹാ ഈ തിരുവചനങ്ങളാൽ പഠിപ്പിക്കുന്നതു്.

# പുൽക്കൂട്ടിലെ ഉണ്ണി.

(ശ്രീമാൻ എം. കെ. വർഗീസ്, ററീച്ചർ.)

(പാടുക പാടുക സീയോൻപുത്രീ

പാടുക പാടുക ബാലകരേ!
പാടുവിൻ! സംഗീതം യേശുവിനു്
വാഴ്ക! വാഴ്ക! ദൈവസുതാ!
1. ബാലകനേശുവേ! പാലയമാം.

പാപികളാകിയ മാനുഷരേ
പാലനം ചെയ്യുതിനായിമുദാ
ബാലകനായി ജനിച്ചിതഹോ
2. ലോകൈകനായകനായ പരൻ...
(പാടുക.)

മാനവർ തന്നുടെ പാപഭരം
കാരണമായിഹ ദൈവസുതൻ
കാലികൾ തന്നുടെ കൂട്ടിലിതാ
3. ചേലിൽജനിച്ചു വസിച്ചിടുന്നു.
(പാടുക.)

ആടുകൾക്കാകവേ മാനസത്തിൽ
ആടലകന്നു വസിച്ചിടുവാൻ
പാലകനാകിയൊരാട്ടിടയൻ
4. പാരിടെ വന്നുപിറന്നുമുദാ...
(പാടുക.)

പക്ഷികൾ പറവകളെന്നുമല്ലാ
വൃക്ഷലതാദികൾ പോലുമിതാ
രക്ഷകനിഭ്ഭുവി വന്നതിനാൽ
5. തുഷ്ടികലൎന്നു വസിച്ചിടുന്നു....
(പാടുക.)

ബേസ്ലഹമെന്നപുരത്തിലൊരു
നീചമൃഗങ്ങടെ പുൽത്തൊഴുത്തിൽ
ത്രീലോകനായകനായപരൻ
6. ഈലോകപാലകനായ്ജനിച്ചോ...
(പാടുക.)

സ്വൎഗ്ഗീയരാജൻെറ രാജധാനി
നാല്ക്കാലികൾക്കുള്ള പുല്ത്തൊ
(ഴുത്തോ
സ്വൎഗ്ഗീയശോഭ കലൎന്നിവിടം
7. സ്വൎഗ്ഗീയപത്തനമായ് ഭവിച്ചോ...
(പാടുക.)

വൈക്കോലുമെത്ത വിരിച്ചതിന്മേൽ
നാല്ക്കാലിമദ്ധ്യേ കിടപ്പതിതാർ?
സ്വൎഗ്ഗീയ സാമ്രാജ്യസാമ്രാട്ടിതോ
8. സ്വൎഗ്ഗീയ രാജകുമാരകനോ?...
(പാടുക.)

ആദത്തെ സൃഷ്ടിച്ച കൈകളിതോ
വേദത്തെ സൂക്ഷിച്ചപെട്ടകമോ
ഖേദത്തെ നീക്കിയരക്ഷകനോ
9. ലോകത്തെ സൃഷ്ടിച്ച നായകനോ
(പാടുക.)

നാഗശിരസ്സു തകൎത്തവളാം
നാരിയിൽനിന്നു ജനിച്ചവിത്തോ
ദാവീദിൻ ഗോത്രസുവൎണ്ണസൂത്തോ
10 മാനവർ തന്നുടെ മകുടമുത്തോ...
(പാടുക.)

മുൾച്ചെടിതന്നിൽ പടർന്നുകത്തി
മൂശ ദർശിച്ചയൊരഗ്നിയിതോ
സാവൂള ദർശിച്ച പാവനമാം
11 ശോഭയിൽ കേട്ടൊരു ശബ്ദമിതോ
(പാട്ടുക.)

സാക്ഷിതപ്പെട്ടകത്തിൻെറയുള്ളിൽ
സൂക്ഷിച്ചുവച്ചൊരു മന്നയിതോ
മോക്ഷത്തിലേക്കുള്ള വാതലിതോ
12 മാർഗ്ഗത്തെയേകുന്ന പാഥയിതോ...
(പാട്ടുക.)

അത്യുന്നതൻ തൻെറ പുത്രനിതോ
ശുദ്ധരിൽ ശുദ്ധനാം ദൈവമിതോ
മർത്ത്യർക്കു മോചനമേകിയൊരു
13 നിത്യനാം സർവ്വൈകനായകനോ
(പാട്ടുക.)

നീതിയാം വേദമതിൻെറ സത്തോ
ഭീതിയകററിയൊരീശപുത്രാ
പാപതമസ്സിനു സൽപ്രഭയേ
14 പാവനരൂപ! പരാപരനേ!!
(പാട്ടുക.)

പാട്ടുക പാട്ടുക ബാലകരേ
പാട്ടുക ഗീതങ്ങളേശുവിന്
വാഴുക വാഴുക ദൈവസുതാ
15 ബാലകനേശുവേ പാലയമാം,
(പാട്ടുക.)

ഈയിടെ റോമിൽ നടന്ന

# ഒരു അൽഭുതസംഭവം.

(റവ. ഫാദർ അലക്ക്സാണ്ടർ സി. ഡി.)

റോമാപട്ടണത്തിൽ, വീയനൊമെന്താനാ തെരുവിൽ, വിശുദ്ധ യൌസേപ്പു പിതാവിൻെറ കന്യകാമഠത്തിൽ വൃദ്ധമാതാവിൻെറ അന്നമറിയം എന്നപേരായി ഒരു കന്യക വസിക്കുന്നു. ഈ സഹോദരിക്കു കുറെ മുമ്പു ഹൃദ്രോഗം പിടിപെട്ടുകയും കണ്ണിൻെറ കാഴ്ച നഷ്ടപ്പെട്ടുകയുംചെയ്തു. ഇവളുടെ ദീനം സുഖപ്പെട്ടുന്നകാര്യം അസാദ്ധ്യമെന്നാണ് വൈദ്യന്മാർ വിധിച്ചതു്. കഴിഞ്ഞ അഗസ്റ്റ്മാസം 12-ാംനു- ഇവൾക്കു് അന്തിമകൂദാശകൾ നൽകപ്പെട്ടു. 13-ാംനു- ഡോക്ടർ പ്രസ്താവിച്ചതു മരണം അടുത്തിരിക്കുന്നുവെന്നാണ്. എന്നാൽ 15-ാംനു- ദേവമാതാവിൻെറ സ്വർഗ്ഗാരോഹണത്തിരുനാളിൽ പനിയാൽ ചൂടുപിടിച്ചിരുന്ന അവളുടെ നെററിയിന്മേൽ ഒരു തണുത്ത കൈകൊണ്ടു ആരോ തൊട്ടു ആശ്വസിപ്പിക്കുന്നതായി തോന്നി. കാണ്മാൻ വഹിയാത്ത നിമിത്തം അവളെ സഹായിക്കുന്ന സഹോദരികളിൽ ഒരാളെന്നു വിചാരിച്ചു. അതോടുകൂടെ അവൾ ഒന്നു മയങ്ങിക്കിടന്നു. എന്നാൽ ധന്നു തന്നെ ഉച്ചകഴിഞ്ഞു മൂന്നു മണിസമയത്തു അവളുടെ നെററിയിന്മേൽ ആരോ ഒരു കൈവച്ചതായി തോന്നുകയാൽ ഉറക്കം തെളിയുകയും പ്രകാശത്തോടുകൂടി നിൽക്കുന്ന ദൈവമാതാവിനെ കാണുകയും ചെയ്തു. അന്നേരം വരെ കാഴ്ചയില്ലാതെയും അനങ്ങുവാൻ പാടില്ലാതെയും കിടന്നിരുന്ന ദീനക്കാരി പെട്ടെന്നു കട്ടിലിൽ നിന്നു ചാടി എഴുന്നേററു "ഞാൻ ദൈവമാതാവിനെ കണ്ടു; എനിക്കിപ്പോൾ നല്ലവണ്ണം കാണാം. ഞാൻ സൌഖ്യമായിരിക്കുന്നു." എന്നു വിളിച്ചുപറയുകയുണ്ടായി. അപ്പോൾമുതൽ നമ്മുടെ അന്നമറിയം സഹോദരി പൂർണ്ണസുഖമായിരിക്കുന്നു. ഇപ്പോൾ ഈ സഹോദരി ശേഷം പേരെപ്പോലെ സുഖമായിരിക്കുകയും കൂട്ടത്തിന്നടുത്ത സകല ജോലികളും നടത്തുകയും ചെയ്തുവരുന്നു. അനാഥ കുട്ടികളുടെ കാര്യം അന്വേഷിച്ചുവന്ന ഈ സഹോദരി അത്ഭുതമായ വിധത്തിൽ സുഖം പ്രാപിച്ചു വീണ്ടും കുട്ടികളുടെ കൂട്ടത്തിൽ ചെന്നപ്പോൾ ആ സാധുകുട്ടികൾക്കുണ്ടായ സന്തോഷം അവർണ്ണനീയമത്രെ.

(From Osservatore Romano)

# നമ്മുടെ അഭയസ്ഥാനം.

(ക്രനംമൂച്ചി, പി. എ. തോമസ്സ്.)

ദൈവ മാതാവിനോടുള്ള ഭക്തി ഏതു കാലത്തും മതാത്മകമായ ജീവിതത്തിന്റെ ഒരു പ്രധാന ഭാഗമായിരുന്നിട്ടുണ്ട്. പരിശുദ്ധ മറിയത്തിന്റെ പ്രത്യേക ബഹുമാനത്തിനു നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസങ്ങളിൽ അവൾ സവിശേഷം ബഹുമാനിക്കപ്പെടണമെന്നാണ് തിരുസ്സഭയുടെ ആഗ്രഹം. സർവ്വശക്തനിൽനിന്നും ദൈവമാതാവിനു ലഭിച്ചിട്ടുള്ള അത്യുന്നതമായ സ്ഥാനത്തെപ്പറ്റി വിചിന്തനം ചെയ്യുന്ന ഏതൊരുവനും, തിരുസ്സഭ ഇക്കാര്യത്തിൽ ഇത്ര വലിയ ജാഗ്രത കാണിക്കുന്നതു എന്തുകൊണ്ടാണെന്നു ബോദ്ധ്യമാകാതിരിക്കയില്ല. ദൈവത്തിന്റെ മാതാവെന്ന സർവ്വോന്നതമായ സ്ഥാനമാണു ലോകസമുദ്ധാരണവിഷയത്തിൽ അവൾക്കുണ്ടായിരുന്നതു്. നിത്യനിർമ്മലയായ ദൈവജനനിയോടുള്ള ബഹുമാനം ഇക്കാലത്തെപ്പോലെ അത്യാവശ്യമായ അവസരം ഇതുവരെ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. മനുഷ്യനെ അധഃപതിപ്പിക്കയും അശുദ്ധമാക്കുകയും ചെയ്യാനുള്ള അശുഭലക്ഷണങ്ങൾ സർവ്വത്ര വ്യാപിച്ചുകാണുന്നു. അങ്ങിനെയുള്ള അവസരങ്ങളിൽ ആണു പരിശുദ്ധകന്യകയോടുള്ള ഭക്തി പ്രബലീഭവിക്കേണ്ടതു്. പരിശുദ്ധ കന്യകക്കു, ന്യൂമാൻ കർദ്ദിനാൾ പറയുന്നതുപോലെ, ഇളംഹൃദയങ്ങളെ നിർമ്മലമാക്കുന്നതിനും അനൈർമ്മല്യത നിലനിറുത്തുന്നതിനും കഴിവുണ്ട്. ഓരോ കത്തോലിക്കാഗൃഹവും, തിരുസ്സഭയിലുള്ള ഓരോ ഭക്തിസംവർദ്ധകസ്ഥാപനവും ബാലഹൃദയങ്ങളിൽ കടത്തിവിടുന്ന വിശിഷ്ടമായ മറിയഭക്തി അവർ നഷ്ടീഭവിപ്പിക്കാതിരിക്കാൻ ശ്രമിച്ചാൽ മാത്രം മതി.

ദൈവത്തിന്റെ അമ്മ എന്ന നിലയ്ക്കു പരിശുദ്ധമറിയം നമ്മുടെ മതത്തിന്റെ മാതൃവശത്തെയാണു പ്രതിനിധീകരിക്കുന്നതു്. അവൾ മനുഷ്യന്റെ വിഷമതകളെ മൃദുവാക്കിയും, ഉഗ്രതയെ ലഘൂകരിച്ചും, വ്യസനങ്ങളെ കുറച്ചും, ആത്മ മുറിവുകളെ സുഖപ്പെടുത്തിയുംകൊണ്ടു മാതാവിനടുത്ത മാധുര്യമേറിയ ഒരു മഹാശക്തി പ്രയോഗിച്ചു അവനെ സർവ്വദാ സഹായിക്കുന്നു. അവൾ ഇന്നും എന്നും ധീരതരമായ മാതൃത്വത്തിന്റെയും ആസന്ന മരണന്റെ അഭയസ്ഥാനത്തിന്റെയും ഉത്തമ മാതൃകയായി പരിശോഭിക്കുന്നു.

കഴിഞ്ഞ രണ്ടായിരംകൊല്ലം മനുഷ്യനു മാർഗ്ഗദർശകമായിട്ടുള്ളതു മറിയവും തന്റെ ദിവ്യശിശുവും കാണിച്ചിട്ടുള്ള ആദർശപരമായ ജീവിതപദ്ധതി മാത്രമാണ്. യൂറോപ്പിൽ എന്തൊക്കെ നന്മയായുണ്ടോ അതെല്ലാം അതിനോടു സംബന്ധപ്പെട്ടതാണ്; അതത്രേ പരിഷ്കൃതാശയങ്ങളിൽ പലതിനും കാരണമെന്നു ഹൈതുകചരിത്രകാരനായ ലെക്കി പോലും രേഖപ്പെടുത്തിയിട്ടുണ്ട്.

മറിയമാണു മാതൃകാ സ്ത്രീരത്നം. തിരുസ്സഭ തൻമൂലം തന്റെ മക്കളെ അവളുടെ മാധുര്യമുള്ള സ്വാധീനതയും ബലവത്തായ മാദ്ധ്യസ്ഥതയും മുഖാന്തിരം മാനസികവും ആത്മികവുമായ ഉന്നതി ലഭിക്കുന്നതിനു അവളുടെ സന്നിധിയിലേക്കു ആനയിക്കുന്നു. അവളുടെ സ്വഭാവം ദൈവം തന്റെ വലിയ ജനവിഭാഗത്തിൽ ഉണ്ടായിക്കാണണമെന്നാഗ്രഹിക്കുന്ന സകലവിധ സൽഗുണങ്ങൾകൊണ്ടും സമാലങ്കരിക്കപ്പെട്ടിരുന്നു. ആകയാൽ തിരുസ്സഭ നസ്രസിലെ ഈ കന്യകാരത്നത്തെ മാതൃകയായി പിൻചെല്ലുന്നതിനു വിശ്വാസികളോടുപദേശിക്കുന്നതു യുക്തിയുക്തവും ഫലപ്രദവുമായിരിക്കുന്നുണ്ടു്.

വിശുദ്ധ ബർണ്ണാർദ്ദ പറയുന്നു:—കരയിലല്ല അഗാധസമുദ്രത്തിൽ എന്നപോ

ലെ ഈ ലോകത്തിൽ കൊടുങ്കാററുകളാൽ ഉയർത്തപ്പെട്ട തിരമാലകളുടെ ഇടയിൽ ആയിരുന്നാലും ശരി, നിന്റെ ആത്മാവെന്ന കപ്പൽ നശിക്കരുതെന്ന വിചാരമുണ്ടെങ്കിൽ നീ ആരായിരുന്നാലും ഈ സ്വർഗ്ഗീയ നക്ഷത്രത്തിന്റെ വെളിച്ചത്തിൽനിന്നു കണ്ണു തിരിച്ചുകളയരുത്. പരീക്ഷകളെന്ന കാററും കോളും വരികയോ, ദുഃഖാരിഷ്ടങ്ങളായ പാറകളിന്മേൽ ചെന്നലയ്ക്കുകയോ ചെയ്താൽ, നീ ഈ നക്ഷത്രത്തെ അഭിമുഖീകരിക്കുക. അഹംഭാവത്തിന്റെയോ അധികാരേച്ഛയുടെയോ, അസൂയയുടെയോ കല്ലോലമാലകളിൽപെടുമ്പോൾ ഈ നക്ഷത്രത്തെ നോക്കുക, മറിയത്തെ ആശ്രയിക്കുക; നിന്റെ ജീവിതക്കപ്പലിന്മേൽ ദ്വേഷമോ, നിന്നിൽ അത്യാഗ്രഹമോ, മാംസേച്ഛയോ, ഒരു വൻതിരപോലെ വന്നടിക്കുമ്പോൾ നിന്റെ നയനങ്ങൾ മറിയത്തിന്റെ നേരെ ഉയർത്തുക. നിന്റെ പാപങ്ങളുടെ ഫലനത്താൽ പീഡിപ്പിക്കപ്പെടുമ്പോൾ, നിന്റെ മനസ്സാക്ഷിയാൽ കുററപ്പെടുത്തപ്പെടുമ്പോൾ, വിധിഭീതിയാൽ നി ചഞ്ചലഹൃദയനാകുമ്പോൾ, നിന്റെ കപ്പൽ ദുഃഖത്തിന്റെയൊ നിരാശയുടെയൊ അഗാധത്തിലേക്കു നിപതിക്കുവാൻ തുടങ്ങുമ്പോൾ മറിയത്തെ സ്മരിക്കുക. അപകടമോ, ആകുലതയോ, ആശങ്കയോ ജനിക്കുമ്പോൾ മറിയത്തെ ഓർക്കുക; തന്റെ സഹായം അപേക്ഷിക്കുക. അവളുടെ നാമം നിന്റെ അധരങ്ങളിലും അവളുടെ സ്മരണ നിന്റെ ഹൃദയത്തിലും സദാ വസിക്കട്ടെ. അവളുടെ സഹായം നിനക്കു നിഷ്പ്രയാസം ലഭിക്കാൻ അവളുടെ ജീവിതം നീ കഴിയുന്നത്ര അനുകരിക്കുക. അവളെ അനുഗമിച്ചാൽ നീ വഴി തെററുകയില്ല; അവളുടെ സഹായം അഭ്യർത്ഥിച്ചാൽ, നിനക്കു നിരാശയില്ല; അവളെ സ്മരിക്കുമ്പോൾ നീ അലഞ്ഞു നടക്കയില്ല, അവളാൽ താങ്ങപ്പെടുമ്പോൾ, നീ വീഴുകയില്ല. അവളാൽ സംരക്ഷിതനാകുമ്പോൾ, നിനക്കു പേടിയില്ല, അവൾ മാർഗ്ഗദർശിനിയാകുമ്പോൾ, നിനക്കു ക്ഷീണമില്ല, അവളാൽ സഹായിക്കപ്പെടുമ്പോൾ നിന്റെ പ്രാപ്യസ്ഥാനം ഹസ്തലബ്ധമായി. ഇങ്ങിനെ "ഈ കന്യകയുടെ നാമം മറിയം എന്നത്രെ" എന്നെഴുതപ്പെട്ടിരിക്കുന്നതിന്റെ മാധുര്യം അപ്പോൾ നിനക്കു തന്നെ ബോധ്യപ്പെടുകയും ചെയ്തുകൊള്ളും.

From (Truth- New- York.)

# കുഞ്ഞു വേദസാക്ഷികൾ.

വി.മാക്സിമാ, ഡൊനത്തില്ലാ, സെക്കുന്താ.

(ഫാദർ പീയൂസ് സി. ഡി.)

ക്രിസ്ത്വാബ്ദം 304-ൽ റോമ്മാചക്രവർത്തിയായിരുന്ന ഡയക്ലീഷ്യന്റെ ഭരണകാലത്തു വടക്കേ ആഫ്റിക്കായിലെ റോമൻ പ്രോവിൻസിൽ വസിച്ചിരുന്ന മൂന്നു ബാലികാമണികളാണു മാക്സിമായും, ഡൊനത്തില്ലായും, സെക്കുന്തായും. ആ റോമൻപ്രദേശത്തിന്റെ ഗവർണ്ണരായിരുന്ന അനുലിയസ് എന്ന പ്രോകോൺസൽ, ദേവന്മാർക്കു ബലിയിടുന്നതിനായി വേനൽക്കാലത്തു 'ചെഫ്ജാ' പട്ടണത്തിലേയ്ക്കു മാറിപാർത്തു. സ്ഥലനിവാസികളായ ക്രിസ്ത്യാനികളെല്ലാവരും പ്രസ്തുത ബലിയിൽ ഭാഗഭാക്കുകളാകണമെന്നു ഒരു കല്പനയും അയാൾ പുറപ്പെടുത്തി. വളരെ

ക്രിസ്ത്യാനികളെ ബന്ധിച്ചു ബലിസ്ഥലത്തേക്കു കൊണ്ടുവന്നു. അതിൽ ഭൂരിപക്ഷവും വിസമ്മതിച്ചു. ചിലരാകട്ടെ "അങ്ങനെതന്നെ ചെയ്തുകളയാം" എന്നുറച്ചു. ആ കൂട്ടത്തിൽ കുടിലയായ ഒരു സ്ത്രീ ഉണ്ടായിരുന്നു. അവൾ 'അറിയപ്പെടാത്ത ക്രിസ്ത്യാനിസ്ത്രീകൾ ഇനിയുമുണ്ടു്' എന്നു ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ടു മാക്സിമാ, ഡൊനത്തില്ലാ എന്നിവരുടെ പേരുകൾ പരസ്യമാക്കി. അധികാരികൾ ഉടനെ സേവകരെ അയച്ചു അവരിരുവരേയും സ്ഥലത്തുവരുത്തി.

ഈ ബാലികകളോടു പലരും ഓരോ തരത്തിൽ ചോദ്യങ്ങൾ ചെയ്തതിൽ, അവരിരുവരും കൈക്കുകൈ പിടിച്ചു അടുത്തുനിന്നുകൊണ്ടു "ഞങ്ങൾ ക്രൈസ്തവരാണു്. ഏകനായ സത്യദൈവത്തെ ഞങ്ങൾ അറിയുന്നു. അദ്ദേഹത്തെ ഞങ്ങൾ ഉപേക്ഷിക്കയില്ല" എന്നായിരുന്നു പ്രത്യുത്തരം പറഞ്ഞതു്.

ഇതിന്റെ ഫലമായി നാനാതരങ്ങളായ ക്രൂരപീഡനങ്ങൾക്കു അവർ അധീനകളായി. എന്നാൽ 13-ം 14-ം വയസ്സു മാത്രമുള്ള ഈ പിഞ്ചുബാലികകൾ ഇതുകൊണ്ടൊന്നും ഇളകിയില്ല. അവരുടെ വിശ്വാസം ഒന്നിനൊന്നിനു വർദ്ധിച്ചതേയുള്ളു. അവരുടെ സ്ഥിരചിത്തതയ്ക്കു ചാഞ്ചല്യം ഭവിപ്പിയ്ക്കുന്നതിനു തക്കമാർഗ്ഗം തീരെ അസുഖകരമായ കാരാഗൃഹത്തിൽ അവരെ അടയ്ക്കുകയാണെന്നു അധികാരി തീർച്ചപ്പെടുത്തി. കല്പനപ്രകാരം സേവകന്മാർ നമ്മുടെ ബാലികാരത്നങ്ങളെ പാതയിൽക്കൂടെ വലിച്ചിഴച്ചുകൊണ്ടു യാത്രയായി. ആളുകളും വളരെ പിറകെ ഓടിക്കൂടിയിട്ടുണ്ടു്. പ്രദക്ഷിണം വഴിയരികെയുള്ള സമ്പന്നനായ ഒരു റോമൻ പൌരന്റെ മാളികയോടു അടുത്തു. ആരവം കേട്ടു അയാളുടെ പുത്രി സെക്കുന്താ ഓടിപ്പുറത്തിറങ്ങി. ഇവൾ പണ്ടേതന്നെ ജ്ഞാനസ്നാനം സ്വീകരിച്ചവളാണു്. പ്രായത്തിലും ഏകദേശം മററവരോടു സമമാണു്. തന്റെ സഖികളായ മാക്സിമായേയും, ഡൊനത്തില്ലായേയും വിലങ്ങുവച്ചുകൊണ്ടു പോകുന്ന അതിദയനീയമായ കാഴ്ചയാണു് അവൾ കാണുന്നതു്. "എന്നെപ്പോലെതന്നെ അവരും ക്രിസ്ത്യാനികളായിരുന്നു എന്ന ഒരു ഏകകാരണം മാത്രമാണല്ലോ എന്റെ സഖികളെ വിലങ്ങിൽപെടുത്തിയതു്" എന്നു സെക്കുന്താ ഓമ്മിക്കാതിരുന്നില്ല. ഹാ! എത്ര മർമ്മഭേദകങ്ങളായ വികാരങ്ങളാണു അവളുടെ ഉള്ളിലേക്കു അപ്പോൾ പ്രവഹിച്ചുകൊണ്ടിരുന്നതു്! അവൾക്കു അവിടെ നിൽക്കുവാൻ പ്രയാസം. ഗോവണിപ്പടികൾ ചാടിയിറങ്ങി ഓടി പടിവാതിലും കടന്നു സഖികളുടെ പക്കൽഎത്തി ബന്ധിക്കപ്പെട്ടിരുന്ന അവരുടെ കരങ്ങളെ കൂട്ടിപ്പിടിച്ചുകൊണ്ടു ഗൽഗദസ്വരത്തിൽ പറയുന്നു. നി-ങ്ങ-ളെ-എ-വി-ടേ-ക്കു-കൊ-ണ്ടു-പോ-കു-ന്നു. "കാരാഗൃഹത്തിലേക്കു" എന്ന മറുപടി കേട്ട ക്ഷണത്തിൽ "ഞാനും ഒരു കൃസ്ത്യാനിയാകുന്നു ഒ! സോദരികളെ എന്നെക്കൂടാതെ നിങ്ങൾ പോകരുതു,, എന്നു അവൾ വാവിട്ടു പറഞ്ഞുപോയി.

പടയാളികൾ അവളെ തള്ളിമാററുന്നതിനു വേണ്ട പരിശ്രമം ചെയ്യുന്നു. എന്നാൽ അവൾ മാറുന്നില്ല. വയോവൃദ്ധനായ പിതാവിനെ ശുശ്രൂഷിക്കുന്നതിനായി സ്വഗൃഹത്തിലേക്കു മടങ്ങിപ്പോകയാണു വേണ്ടതെന്നു ബന്ധനസ്ഥകളായ രണ്ടു സഹോദരികളും സെക്കുന്തായെ ഉപദേശിക്കുന്നു. അവൾ കേൾക്കുന്നില്ല. അവരെ ഒന്നുകൂടി മുറുകെപ്പിടിച്ചുകൊണ്ടു് 'നിങ്ങളെ അനുഗമിക്കുന്നതിനു എന്നെ അനുവദിക്കുന്ന പക്ഷം ദൈവം നിങ്ങളെ സമ്മാനിച്ചനുഗ്രഹിക്കും. എനിക്കു പേടിയില്ല. ഈശോമിശിഹായുടെകൂടെ ആയിതീരുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. എന്നു ധൈര്യപൂവ്വം പറയുകയാണുണ്ടായതു്. 'അങ്ങിനെ എങ്കിൽ വരിക ഞങ്ങളുടെ സോദരീ നാം അങ്ങേപ്പക്കൽ വേഗംചെന്നെത്തും' എന്നു് ആ ബാലികകൾ പ്രത്യുത്തരമായി പറഞ്ഞു.

പ്രാ[illegible]ം ചെന്നവരെ പറഞ്ഞു മനസ്സുമാററ[illegible]ിട്ടും കുഞ്ഞുങ്ങളായ ഇവരെ മാററുന്നതിനു സാധിക്കാതെ പോയതുകൊണ്ടുള്ള ലജ്ജയോടെ പോക്കളത്തിലേക്കു അവരെ കൊണ്ടുപോയി സിംഹങ്ങളെ അവരുടെ പക്കലേക്കു അഴിച്ചു

വിട്ടുക എന്നു അനൂലിയസ് കല്പനയിട്ടു. പറഞ്ഞതുപോലെ സേവകർ ചെയ്തു. സിംഹം പാഞ്ഞുവരുന്ന വരവു കണ്ടു എല്ലാവരും ഞെട്ടിപ്പോയി. ആ മൃഗരാജൻ നേരെ മാക്സിമായുടെ പക്കലേക്കു അടുത്തു. എന്നാൽ എന്തു സംഭവിക്കുന്നു. സിംഹക്കുട്ടി കുഞ്ഞാടായി പകർന്നുപോയി. അതു മാക്സിമായുടെ മുൻപാകെ കിടന്നുകൊണ്ടു അവളുടെ പാദങ്ങളെ നക്കി സ്നേഹവാത്സല്യങ്ങളെ പ്രദർശിപ്പിച്ചിരുന്നു. കോപം സഹിക്കവയ്യാതെ വാൾ എവിടെ എന്നു അനൂലിയസ് ഗർജ്ജിച്ചു. 'ദൈവത്തിനു സ്വസ്തി' എന്നു ആ ബാലികാരത്നങ്ങൾ ഒന്നിച്ചു പാടി. കഥയും കഴിഞ്ഞു. ഇങ്ങനെ മാക്സിമാ, ഡൊനത്തില്ലാ, സെക്കുന്താ എന്ന മൂന്നു നാരീമണികൾ ശിശുപ്രായത്തിൽ തങ്ങളുടെ ദിവ്യമണവാളനുവേണ്ടി സ്വായുസ്സിനെ ബലി അർപ്പിച്ചു.

തിരുസഭയുടെ ആദിമകാലങ്ങളിൽ ഈ സുകൃതിനികളോടു വലുതായ ഭക്തിയുണ്ടായിരുന്നു. കാലക്രമേണ അതു കുറഞ്ഞുതുടങ്ങുകയും ഒടുവിൽ സ്മൃതിപഥത്തിൽ നിന്നു തീരെ മാഞ്ഞുപോകയുംചെയ്തു. എന്നാൽ ഈ ആധുനികകാലത്തു കാർത്തെജിലെ കീർത്തിപ്പെട്ട പുരാതനജ്ഞാനശാസ്ത്രജ്ഞനും വൈറുഫാദേഴ്സ് (White Fathers) എന്നു പറയപ്പെടുന്ന സന്യാസികളിൽ ഒരുവനുമായ ഫാദർ ദെലാത്തെയുടെ പരിശ്രമഫലമായി ഈ ബാലികാരത്നങ്ങളുടെ നാമങ്ങളും ചരിത്രവും ലോകത്തിനു സുപ്രസിദ്ധങ്ങളായിത്തീർന്നിട്ടുണ്ടെന്നുള്ളതു സന്തോഷാവഹംതന്നെ.

# അകത്തോലിക്ക വാദങ്ങൾക്ക് കത്തോലിക്ക പ്രത്യുത്തരം.

(ഫാദർ പ്ളാസിഡ്, സി. ഡി., പിഎച്ച്. ഡി., ഡി. ഡി., ഡി. സി. എൽ.)

9. ചോ. നിക്കിയാ വിശ്വാസപ്രമാണം വ്യത്യാസപ്പെടുത്തരുതെന്നും അതിനോടു യാതൊന്നും കൂട്ടിച്ചേർക്കരുതെന്നും അപ്പേസൂസ് സൂനഹദോസ തീരുമാനിച്ചിട്ടില്ലയോ?

ഉ. ഇങ്ങനെ ഒരു തീരുമാനം 'അക്ഷരത്തിൽ' ഉണ്ടായിട്ടുണ്ട്. എന്നാൽ വിരോധികൾ അതിനു കൊടുക്കുന്ന അർത്ഥം സ്വീകാര്യമല്ല. സൂനഹദോസിന്റെ ആറാം യോഗത്തിൽ നിക്കിയാ വിശ്വാസപ്രമാണം വ്യാഖ്യാനിക്കപ്പെട്ടപ്പോൾ സൂനഹദോസിൽ സംബന്ധിച്ചവരിൽ ഒരാൾ അർദ്ധ നെസ്തോറിയൻ പാതിത്യം അടങ്ങിയ ഒരു വിശ്വാസപ്രമാണം ഉദ്ധരിച്ചു. അപ്പോഴാണ് പ്രസ്തുത തീരുമാനമുണ്ടായത്. (Cf. A Fortescue the Greek Fathers p. 190- The Orthodox Eastern Church p. 381) സാഹചര്യങ്ങൾ മനസ്സിലാക്കിയശേഷം വേണമല്ലോ ഇങ്ങനെയുള്ള വിഷയങ്ങളിൽ അനുമാനം കണ്ടുപിടിക്കുവാൻ.

ഒരു പക്ഷെ നിക്കിയാ വിശ്വാസപ്രമാണത്തോടു യാതൊന്നും കൂട്ടിച്ചേർക്കരുതെന്നു അപ്പേസൂസു സൂനഹദോസു തീരുമാനിച്ചെന്നു വയ്ക്കുക. അങ്ങനെ നടന്നെങ്കിൽ ആ തീരുമാനം സ്വകാര്യപുരുഷന്മാരെ അല്ലാതെ സഭയെ ബാധിക്കുകയില്ല. എന്തെന്നാൽ സഭയെ ഉദ്ദേശിച്ചു അങ്ങനെ ഒരു തീരുമാനം ഉണ്ടാക്കിയാൽ മുകളിൽ പറഞ്ഞതുപോലെ അതു സഭയുടെ പഠിപ്പിക്കുവാനുള്ള അധികാരത്തെ ഹനിക്കുന്നതായിരിക്കും. സാർവ്വത്രിക സൂനഹദോസുകൾ ഇതുപോലുള്ള അബദ്ധത്തിൽ വീഴുകയി

ല്ല. സഭയെപ്പററി ഇവിടെ പറഞ്ഞതു സഭാതലവനെപ്പററി തന്നിച്ചും ഗ്രഹിക്കേണ്ടതാണ്. സഭയെന്നു പറയുമ്പോൾ തലവനില്ലാതെ സഭയില്ലെന്നും മനസ്സിലാക്കണം.

സൂനഹദോസിൻെറ തീരുമാനം സാർവ്വത്രികസഭയെ ഉദ്ദേശിച്ചുള്ളതും നിക്കിയാവിശ്വാസപ്രമാണത്തോട്ട യാതൊന്നും കൂട്ടിച്ചേക്കരുതെന്നു കല്പിക്കുന്നതും ആണെന്നു, വാദത്തിനുവേണ്ടി സമ്മതിക്കാം. എന്നാൽ വിശ്വാസപ്രമാണത്തിൽ ഒരു സത്യം കൂട്ടിച്ചേക്കുക എന്നതു അതിൽതന്നെ വിശ്വാസത്തെയോ സന്മാൎഗ്ഗത്തെയോ ബാധിക്കാത്ത ഒരു കാൎയ്യമാണ്. ആകയാൽ കൂട്ടിച്ചേക്കരുതെന്നു നിശ്ചയമുണ്ടായിട്ടുണ്ടെങ്കിൽ അവശ്യംപോലെ അതു മാററപ്പെടാവുന്നതാണ്. കൂടാതെയും നിക്കിയാ വിശ്വാസപ്രമാണത്തോട്ട കൂട്ടിച്ചേക്കരുതെന്നാണല്ലോ സൂനഹദോസിൻെറ തീരുമാനം. കത്തോലിക്കർ നിക്കിയാ വിശ്വാസ പ്രമാണത്തോട്ട യാതൊന്നും കൂട്ടിച്ചേൎത്തിട്ടില്ല. നിക്കിയാ കുസ്തന്തിനോപ്പിൽ (Nicaeno-Constantinopolitan) വിശ്വാസപ്രമാണത്തിലാണ് "പുത്രനിൽനിന്നും" Filioquo എന്നു കത്തോലിക്കർ ചേൎത്തിട്ടുള്ളതു്.

സൂനഹദോസിൻെറ തിരുമാനം തങ്ങൾക്ക പിൻബലമാണെന്നു കരുതിക്കൊണ്ടു കത്തോലിക്കരെ പഴിക്കുന്നവരിൽ അഗ്രഗണ്യർ ഗ്രീക്കശീസ്മക്കാരാണ്. അവർ നിക്കിയാവിശ്വാസപ്രമാണത്തിൽ നിന്നു വ്യത്യാസപ്പെട്ട പല വിശ്വാസപ്രമാണങ്ങൾ ഓരോ അവശ്യം പ്രമാണിച്ചു നിൎമ്മിച്ചിട്ടുണ്ട്. മെത്രാഭിഷേക ശുശ്രൂഷയിൽ നിക്കിയാ കുസ്തന്തിനോപ്പിൽ വിശ്വാസപ്രമാണത്തോട്ട പലതും ചേൎത്തുണ്ടാക്കിയ മൂന്നു വിശ്വാസപ്രമാണങ്ങൾ ഗ്രേക്കർ ഉപയോഗിക്കുന്നുണ്ട്. (cf Perrone de Trinit C. V.) ഈ വിശ്വാസപ്രമാണത്തോട്ടതന്നെയല്ലയൊ കത്തോലിക്കർ 'പുത്രനിൽ നിന്നും' എന്നു ചേൎത്തതു്? കത്തോലിക്കർക്ക കൂട്ടിച്ചേക്കുവാൻ പാടില്ലെന്നും ഗ്രേക്കർക്ക പാടുണ്ടെന്നും വല്ല നിയമവുമുണ്ടോ?

10. ചോ. "പുത്രനിൽനിന്നും" എന്നതുവിശ്വാസപ്രമാണത്തിൽ ചേക്കേണ്ടതല്ലെന്നു റോമ്മാ മാർപ്പാപ്പാമാർ വാദിക്കയും അങ്ങനെ ചെയ്യുവരെ കഠിനമായി ശാസിക്കയും ചെയ്തിട്ടില്ലയോ?

ഉ– സ്പെയിൻ, ഫ്റാൻസ്, ജൎമ്മനി എന്ന സ്ഥലങ്ങളിൽ 'പുത്രനിൽ നിന്നും' എന്നതുവിശ്വാസപ്രമാണത്തിൽകൂട്ടിച്ചേക്കപ്പെട്ടപ്പോൾ പ്രാദേശികസഭകൾ അങ്ങിനെ (സ്വാധികാരത്താൽ) ചെയ്യരുതെന്നും അങ്ങനെ ചെയ്യുന്നതു് അന്ന് അവസരോചിത മായിരുന്നില്ല എന്നും ഉള്ള കാരണങ്ങളാൽ മൂന്നാം ലെഓൻ മാർപ്പാപ്പാ വിരോധം പറഞ്ഞു. എന്നാൽ ഈ മാർപ്പാപ്പാ റൂഹാ പുത്രനിൽ നിന്നുകൂടെയും പുറപ്പെടുന്നു എന്നു വിശ്വസിച്ചിരുന്ന ഒരാളായിരുന്നു എന്നു പ്രത്യേകം പ്രസ്താവിച്ചുകൊള്ളുന്നു. (Natalis Alexander diss. 10 in saec. 15.)

വിശ്വാസപ്രമാണത്തിൽ ഒരുസത്യം കൂട്ടിച്ചേക്കുക എന്നതു (എല്ലാവരും വിശ്വസിക്കേണ്ടഒരു സത്യം) തന്നിൽതന്നെ വിശ്വാസത്തെയോ സന്മാൎഗ്ഗത്തെയോ ബാധിക്കുന്ന ഒന്നല്ലെന്നു ഇവിടെയും ആവൎത്തിച്ചു പറഞ്ഞുകൊള്ളുന്നു. ലെഓൻ മാർപ്പാപ്പാ കൂട്ടിച്ചേക്കുന്നതിൽ മാത്രമാണ് വിരോധം പറഞ്ഞിട്ടുള്ളതു്. അതിനു അദ്ദേഹം കൊണ്ടുവന്ന ന്യായങ്ങൾ (മുകളിൽ സൂചിപ്പിച്ചവ) ഏതു തരത്തിലുള്ളവ ആയാലും കാൎയ്യം വിശ്വാസത്തെയോ സന്മാൎഗ്ഗത്തെയോ ബാധിക്കാത്ത ഒന്നാണെന്നു വിസ്മരിക്കരുതു്.

11. ചോ. ഇങ്ങനെ വിരോധമുണ്ടായിരുന്നെങ്കിൽ പിന്നീട്ട കൂട്ടിച്ചേൎത്തതെന്തിന്?

ഉ. പിന്നീട്ട ആവശ്യമുണ്ടായതുകൊണ്ട്. ഗ്രീക്കശീസ്മക്കാർ ഇതു സംബന്ധിച്ചു അബദ്ധോപദേശം തുടങ്ങിയപ്പോൾ 'പുത്രനിൽനിന്നും' എന്നതു് വിശ്വാസപ്രമാണത്തോട്ട ചേക്കപ്പെട്ടു. (പതിനൊന്നാം ശതാബ്ദത്തിൽ) നിക്കിയാ

യിലെ വിശ്വാസപ്രമാണത്തോടു കുസ്തന്തിനോപ്പോളീസു സൂനഹദോസു ചിലതെല്ലാം കൂട്ടിചേർത്തുപോലെ മാത്രമെ ഇതും മനസ്സിലാക്കേണ്ടതൊള്ളു.

12. ചോ. ഇങ്ങനെയാണെങ്കിൽ എത്ര പ്രധാനപ്പെട്ട കാൎയ്യമാണെങ്കിലും കത്തോലിക്കാസഭ അതിൽ വിട്ടുവീഴ്ച ചെയ്യാറുണ്ടെന്നു സമ്മതിക്കേണ്ടയോ?

ഉ. വിശ്വാസസന്മാൎഗ്ഗവിഷയകമായി കത്തോലിക്കാ സഭക്കു യാതൊന്നിലും വിട്ടുവീഴ്ച ചെയ്യുവാൻ പാടില്ല. വിട്ടുവീഴ്ച ചെയ്യുകയുമില്ല. വിശ്വസിക്കുന്ന ഒരു സത്യംവിശ്വാസപ്രമാണത്തിൽ ചേൎത്തുചൊല്ലുക എന്നതുവിശ്വാസത്തെയോ സന്മാൎഗ്ഗത്തെയോ ബാധിക്കണമെന്നില്ല. നാം വിശ്വസിക്കുന്നതെല്ലാം വിശ്വാസപ്രമാണത്തിൽ ചൊല്ലാറില്ലല്ലോ.

അകത്തോലിക്കരിൽ നിന്നു മാനസാന്തരപ്പെടുന്നവരിൽ ചിലർ "പുത്രനിൽനിന്നും" എന്ന് വിശ്വാസപ്രമാണത്തിൽ ചൊല്ലുന്നില്ല. എന്നാൽ പുത്രനിൽ നിന്നുകൂടെയും റൂഹാ പുറപ്പെടുന്നു എന്നു വിശ്വസിക്കുവാൻ അവർ നിർബന്ധിക്കപ്പെടുന്നു. ഈ വിശ്വാസമില്ലാത്തവർ കത്തോലിക്കസഭയിൽ സ്വീകരിക്കപ്പെടുകയുമില്ല.

13. ചോ. ചിലരുടെ കാൎയ്യത്തിൽ ഈ വിട്ടുവീഴ്ച ചെയ്യുന്നതു എന്തുകൊണ്ട്?

ഉ. അവരെ സംബന്ധിച്ചടത്തോളം ഇപ്പോൾ വിശ്വാസപ്രമാണത്തിൽ ആ ഭാഗം അവർ ചൊല്ലേണ്ട ആവശ്യമില്ല. ആവശ്യം എപ്പോഴുണ്ടാകുമോ അപ്പോൾ അതും ചൊല്ലുവാൻ അവർ നിർബന്ധിക്കപ്പെടും. വിശ്വാസപ്രമാണത്തിൽ ഒരു സത്യം ചേൎക്കുക എന്നതും അതു ചൊല്ലുക എന്നതും വിശ്വാസസന്മാൎഗ്ഗവിഷയങ്ങളിൽ പെടണമെന്നില്ലെന്നു വീണ്ടും പറഞ്ഞുകൊള്ളുന്നു.

14. ചോ. ഈ ഇരുപതാം നൂററാണ്ടിൽ കത്തോലിക്കരാകുന്ന അകത്തോലിക്കരോടു ഈ വിട്ടു വീഴ്ച ചെയ്യുമോ?

ഉ. ആവശ്യമുണ്ടെങ്കിൽ— "പുത്രനിൽ നിന്നും" എന്നു വിശ്വാസപ്രമാണത്തിൽ ചേൎത്തു ചൊല്ലേണ്ട ആവശ്യമൊന്നുമില്ലെങ്കിൽ— ഇങ്ങനെ ഒരു അനുവാദം കിട്ടുവാൻ പാടുണ്ട്. എന്നാൽ "വിശ്വാസത്തിൽ" ഇളവുകിട്ടുകയില്ല.

## ൧൯൨൮ ഡിസംബറിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം.

### പരിശുദ്ധ പിതാവിന്റെ ജൂബിലിയെപ്പററി ദൈവത്തിനു നന്ദി.

നമ്മുടെ പരിശുദ്ധ പിതാവു 11-ാം പീയൂസ് മാർപ്പാപ്പായുടെ ഗുരുപ്പട്ടസ്വൎണ്ണജൂബിലിമഹോത്സവം ലോകമാസകലമുള്ള തന്റെ ആത്മീയസന്താനങ്ങൾ പുത്രനിൎവ്വിശേഷമായ സ്നേഹബഹുമാനപൂൎവം കൊണ്ടാടിയല്ലോ. ഈ ജൂബിലിമഹാമഹം എല്ലാപ്രകാരത്തിലും വിജയകരമായി പൎയ്യവസാനിച്ചതിൽ പരിശുദ്ധപിതാവു അത്യന്തം കൃതാൎത്ഥനായിട്ടുണ്ട്. അരനൂററാണ്ടോളം കാലം സൎവ്വേശ്വരൻ തനിക്കു നൽകിയ വരപ്രസാദങ്ങൾക്കു ദൈവത്തിനു പ്രതിനന്ദി പ്രദൎശിപ്പിക്കുന്നതിലേക്കു 1929—ാമാണ്ടിനെ ഒരു ജൂബിലിവൎഷമായി നിശ്ചയിക്കയും ഈ ജൂബിലി വഴിയായി ദൈവസ്തുതിയും ആത്മരക്ഷയും അധികമധികമായി സാധിക്കയും ചെയ്തു. ജൂബിലിസംബന്ധിച്ച സ്വയംവരങ്ങൾ മൂലം എത്ര ആത്മാക്കളാണു ദൈവത്തോടു പൂൎവ്വാധികം യോജിച്ചതെന്നും, ജൂബിലദണ്ഡവിമോചനങ്ങളുടെ ഫലം കൈക്കൊണ്ടു എത്ര ആത്മാക്കളാണ് ശുദ്ധീകരണസ്ഥലത്തിൽ നിന്നും രക്ഷ പ്രാപിച്ചതെന്നും നിൎണ്ണയിക്കുക അസാദ്ധ്യമാ



ണ്. ജൂബിലി സംവത്സരത്തിൽ നടന്ന പല പല സ്തോത്രകർമ്മങ്ങളും സർവ്വോപരി ജൂബിലിമഹോത്സവം പ്രമാണിച്ചു റോമയിൽ നടന്ന വി. ശുദ്ധന്മാരുടെ നാമകരണചടങ്ങുകളും എത്രകണ്ടു ദൈവസ്തുതിവർദ്ധകങ്ങളായിരുന്നെന്ന് നമുക്കു ശരിയായി ഗ്രഹിക്കാൻ പോലും സാധിക്കയില്ല. ഇങ്ങനെ, സ്വർഗ്ഗവാസികൾക്കും ഭൂവാസികൾക്കും ഒരു പോലെ ആഹ്ളാദകരമായിരുന്ന ഈ ഭാഗ്യപൂർണ്ണമായ കാലാവധി ഈ ആണ്ടു ജൂൺമാസാവസാനംവരെ നീണ്ടുനിന്നു എന്നുള്ളതും നാം ഓർമ്മിക്കുന്നുണ്ടല്ലോ. എന്നാൽ ഇക്കൊല്ലം അവസാനിക്കുന്നതിനു മുമ്പായി ദൈവം നമുക്കു നൽകിയ ഈ മഹാ ശ്രേഷ്ഠ ദാനത്തെക്കുറിച്ചു നന്ദി പ്രദർശിപ്പിക്കുക എന്നതു നമ്മുടെ കർത്തവ്യകർമ്മമാകുന്നു. ആകയാൽ ഈ കൃത്യം എല്ലാവരും നിറവേററുന്നതിനു തിരുഹൃദയം കൃപ ചെയ്യുവാൻ തിരുഹൃദയഭക്തന്മാർ പ്രത്യേകം ഈ മാസത്തിൽ പ്രാർത്ഥിക്കണമെന്നാണ് പരിശുദ്ധ പിതാവു ആഗ്രഹിക്കുന്നത്.

**ജനുവരിമാസം — റഷ്യയുടെയും പ്രത്യേകം അവിടത്തെ യുവജനങ്ങളുടെയും രക്ഷ.**

# ക: നാഥയുടെ കുഞ്ഞുമക്കൾക്ക്.

## ക്രീസ്മസ്.

പ്രിയ കുഞ്ഞുങ്ങളെ,

നമുക്കേവർക്കും അത്യന്തം സന്തോഷജനകമായ ഒരു ദിവസമാണ് ക്രീസ്മസ് അഥവാ ക്രീസ്തുവിന്റെ ജനനത്തിരുനാൾ. ഈ മാസം ൨൫-ാംനു-യാണ് ഈ ശുഭദിനം. ഈ ദിവസം പൂർവ്വാധികം ആഘോഷമായും യോഗ്യമായും കൊണ്ടാടുന്നതിനു എവരും പ്രത്യേകം ഉത്സാഹിക്കണം. എന്നാൽ ഇതിനുവേണ്ടി എന്താണ് ചെയ്യേണ്ടതു്? അതിമാന്യനും നമുക്കു എന്തുസഹായവും ചെയ്യാൻ ത്രാണിയും സന്മനസ്സും ഉള്ളവനും ആയ ഒരാൾ നമ്മുടെ വീട്ടിലേക്കു വരുന്നുവെന്നു മുന്നറിവുകിട്ടിയാൽ, അദ്ദേഹത്തെ വേണ്ടവിധം സ്വീകരിക്കുന്നതിനു നാം എന്തെല്ലാം ഒരുക്കങ്ങൾ ചെയ്യുമോ, അവയെല്ലാം ഈയവസരത്തിലും നാം ചെയ്താൽ മതിയായിരിക്കുന്നു. ആ മാന്യദേഹത്തെ സ്വീകരിക്കാൻ നാം ഒരു സ്ഥലം തയാറാക്കുന്നു. ആദ്യം തന്നെ അതു മുഴുവൻ അടിച്ചു വെടിപ്പാക്കുന്നു. തദനന്തരം അവിടെക്കു ആവശ്യമുള്ള മേശ കസേര ആദിയായവയെല്ലാം ശരിപ്പെടുത്തി പുഷ്പലതാദികളാലും തോരണശ്രേണികളാലും മററും ആ സ്ഥലം വേണ്ടവിധം അലംകരിക്കുന്നു. പിന്നീടു മാന്യാതിഥിയുടെ വരവുങ്കൽ അദ്ദേഹത്തെ സസന്തോഷം സ്വീകരിച്ചു മംഗളമാശംസിക്കയും തക്കതായി വല്ലൊരു കാഴ്ച സമർപ്പിക്കയും ചെയ്യുന്നു. ഈ വിധംതന്നെ മ്ശിഹായുടെ വരവിനു മുമ്പായുള്ള ഈ ദിവസങ്ങളിൽ നിങ്ങളുടെ ഹൃദയമെന്ന സ്ഥലത്തു ക്രീസ്മസ് ദിവസം യഥായോഗ്യം ഉണ്ണിഈശോയെ സ്വീകരിക്കുന്നതിലേക്കു, അതിലുള്ള പാപാഴുക്കുകളും കുററങ്ങളുമെല്ലാം നീക്കി ശുദ്ധമാക്കി, പലതരത്തിലുള്ള പുണ്യപ്രവൃത്തികളാൽ അതിനെ അലംകരിക്കുന്നതിനും ക്രീസ്മസ് ദിവസം വിശുദ്ധ കുർബാന കഴിവു

ള്ള ഒരുക്കത്തോടെ സ്വീകരിക്കുന്നതിനും കുഞ്ഞുങ്ങൾ ഏവരുംഉത്സാഹിക്കണം. മാത്രമല്ല, അന്നത്തെ ദിവ്യകാരുണ്യസ്വീകരണശേഷംഉണ്ണിയീശോയ്ക്കു കാഴ്ചകൊടുക്കുന്നതിലേക്കു ഈ മാസാരംഭം മുതൽ പുണ്യപ്രവൃത്തികൾ കൊണ്ടുള്ള ഒരു ജ്ഞാന പൂക്കൂട്ടം തയാറാക്കണം. ഇതിലേക്കു പററിയ ഒരു കാഴ്ചയാണ് ൧൦൦൦ നന്മ നിറഞ്ഞ മറിയം ചേർത്തുള്ള ഒരു മാല. ഈ സുകൃതമാല കെട്ടുന്നതിനായി പല നല്ലകുട്ടികളും ൨൫ നോമ്പു തുടങ്ങുന്നതിൻെറതലേദിവസമായ നവംബർ൩൦-ാം ൹-മുതൽ ഡിസംബർ ൨൪-ാം൹-വരെ ഓരോ ദിവസവും 40 നന്മ. വീതം ചൊല്ലിക്കൊണ്ടു വരുന്നമുറ നിങ്ങൾ അറിഞ്ഞിട്ടുള്ളതാണല്ലൊ. അതിനാൽ ഈ മാല കെട്ടുന്നകാര്യവും പ്രത്യേകം ഓർമ്മിച്ചുകൊള്ളണം.ഈ വിധഒരുക്കങ്ങളോടെ ക്രിസ്മസ് നിങ്ങൾഘോഷിക്കുന്നുവെങ്കിൽ, പുൽക്കൂട്ടിൽ പിറന്ന സ്വർഗ്ഗവല്ലഭനായ ഉണ്ണി നിരവധി നന്മകൾ നിങ്ങൾക്കു പ്രദാനംചെയ്യുന്നതാണ്. ഈ ഭാഗ്യം കുഞ്ഞുമക്കളിൽ ഓരോരുത്തർക്കും സിദ്ധിക്കട്ടെ എന്നാശംസിക്കുന്നു.

## ഈമാസത്തെ മദ്ധ്യസ്ഥ,

### വന്ദ്യയായ ഊർസുല ബനിങ്കാസ. (തിരുനാൾ ഡിസംബർ 8.)

17-ാംശതാബ്ദത്തിൻെറ ആരംഭത്തിൽ ഇററലിയിൽ നേപ്പിൾസ് പട്ടണത്തിൽ ജീവിച്ചിരുന്ന ഒരു കന്യകാരത്നമാണ് വി. ഊർസുല. ദൈവസ്നേഹത്താൽജ്വലിച്ച്ദൈവമഹിമയും ആത്മാക്കളുടെ രക്ഷയും മാത്രം അന്വേഷിച്ചിരുന്ന ഇവൾ നേപ്പിൾസിലെ തെയത്തീൻ സഭക്കാരുടെ അടിസ്ഥാനക്കാരിയാണ്. ഈ പുണ്യവതി 1617 കുംഭമാസം 2-ാംതീയതി പരി. ക. മറിയത്തിൻെറ ശുദ്ധീകരണത്തിരുനാൾ ദിവസം ജ്ഞാനപാരവശ്യത്തിൽ നിമഗ്നയായിരുന്നപ്പോൾ ദൈവമാതാവു ദിവ്യ ഉണ്ണിയെ കരങ്ങളിലെടുത്തും വെള്ള വസ്ത്രവും നീലക്കാപ്പയുംധരിച്ചുംകൊണ്ട്, ഇവൾക്കുപ്രത്യക്ഷയായി.ദൈവമാതാവിൻെറ ചുററിലായി തന്നെപ്പോലെ വസ്ത്രധാരണംചെയ്യുകുറെകന്യകകളുമുണ്ടായിരുന്നു. അപ്പോൾദൈവമാതാവുഈപുണ്യവതിയോടു പറഞ്ഞു "ഊർസുലാ നീ ദുഃഖിച്ചതു മതി, നമ്മുടെ ദിവ്യഉണ്ണിഅരുളിച്ചെയ്യുന്നതിനെ ശ്രദ്ധിച്ചുകേൾക്കുക" അനന്തരം ദിവ്യഉണ്ണി ഈ പുണ്യവതി സ്ഥാപിക്കേണ്ടതായ സഭയേയും ആ സഭാനിയമങ്ങളേയും നീലവസ്ത്രം ധരിക്കുന്നവർക്കുള്ള പ്രസാദവരങ്ങളേയും കുറിച്ച് ഈ സുകൃതിനിയോട് അരുളിച്ചെയ്തു. മാതാവിൻെറ ഭക്തരായ ജനങ്ങൾ ഈ അനുഗ്രഹം ലഭിക്കുന്നതിനായി ഈ പുണ്യവതി പ്രാർത്ഥിക്കയിൽ ഇവളുടെ പ്രാർത്ഥന സ്വീകരിക്കപ്പെട്ടതിൻെറ ലക്ഷ്യമായി മാലാഖാമാർ ഭൂമിയുടെ നാനാഭാഗങ്ങളിലായി അനേകം നീലഉത്തരീയങ്ങളെ വിതരണം ചെയ്യുന്നതായി കണ്ടു. ഈ നീലോത്തരീയം മുറപ്രകാരം സ്വീകരിച്ചശേഷം, പരി. ത്രീത്വത്തിൻെറയും ജന്മപാപമില്ലാതെയുത്ഭവിച്ച പരി. കന്യകയുടെയും സ്തുതിക്കായി ൬ ആ. ൬ നന്മ. ൬ ത്രി. ജപിക്കുന്നവർക്കു ഓരോ പ്രാവശ്യവും അനേക പൂർണ്ണദണ്ഡവിമോചനങ്ങൾ ലഭിക്കുന്നതാണ്.

ഭാഗ്യവതിയായ ഊർസുലായേ!ഞങ്ങളും അമലോത്ഭവകന്യകയുടെ ഉത്തമഭക്തരായി ജീവിക്കുന്നതിനു ഞങ്ങൾക്കുവേണ്ടി നീ അപേക്ഷിക്കണമെ!!

# ഒരു പുതിയ മാസിക.

"ചെറുപുഷ്പസന്ദേശം"

ഇരിഞ്ഞാലക്കട നിന്നും ശ്രീമാൻ കെ. ജെ. പോൾ വക്കീലിൻെറ മാനേജ്മെൻറിലും ശ്രീമാൻ എം. പി. പോൾ എം. എ. യുടെ പത്രാധിപത്യത്തിലും അടിച്ചു പ്രസിദ്ധം ചെയ്തുതുടങ്ങിയിരിക്കുന്ന 'ചെറുപുഷ്പസന്ദേശം' മാസികയുടെ 1-ം 2—ം ലക്കങ്ങൾ ഞങ്ങൾ നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു. അവ ഞങ്ങൾ വായിച്ചു കണ്ടതിൽ വളരെ സന്തോഷിക്കുന്നു. മതം, സന്മാർഗ്ഗം, സാഹിത്യം, സംഗീതം, ജീവചരിത്രം, ഗൃഹഭരണം ഇത്യാദി വിഷയങ്ങളെപ്പററി ഉത്തമരീതിയിൽ പ്രതിപാദിക്കുന്നതും ശ്രേഷ്ഠാനുമതിയോടുകൂടി പ്രസിദ്ധം ചെയ്യുന്നതുമായ ഈ വിശിഷ്ട കത്തോലിക്കാ മാസിക ക്രിസ്തീയ ജനത്തിനു വളരെ ഉപകാരപ്രദമായിരിക്കുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. അടുത്ത ലക്കം മുതൽ "യുക്തിവാദം,, എന്ന പേരിൽ വിജ്ഞാനപ്രദമായ ഒരു ലേഖനപരമ്പര ഇതിൽ പ്രസിദ്ധപ്പെടുത്തുമെന്നു കാണുന്നതുവളരെ അവസരോചിതമാണെന്നു നിസ്സംശയംപറയാം. യുക്തിവാദികളുടെ മൌഢ്യപ്രസ്താവനകൾക്കു ഇതു ഒരു നല്ല പ്രത്യൌഷധമായിരിക്കും. The Catholic press is very close to my heart, and I expect much, very much from it" –Pius XI. "കത്തോലിക്കപ്രസ്സ എൻെറ ഹൃദയത്തോടു വളരെ അടുത്തിരിക്കുന്നു. അതിൽ നിന്നു വളരെ എന്നല്ല വളരെയധികം ഞാൻ പ്രതീക്ഷിച്ചിരിക്കുന്നു" എന്നുള്ളപതിനൊന്നാംപീയൂസു മാർപ്പാപ്പായുടെ സ്മരണീയവാക്യം ഈ കത്തോലിക്കമാസികക്കും യോജിക്കുന്നതാണ്. 'ചെറുപുഷ്പ സന്ദേശം' ഒരു കത്തോലിക്കവൈദിക മാസികയായിരിക്കയാൽ, ഉത്തരവാദിത്വമുള്ള പത്രാധിപഗണത്തിൽ ഒരു വൈദികൻകൂടെ ഉണ്ടായിരിക്കുന്നതു നന്നായിരിക്കുമെന്നു ഞങ്ങൾക്കു അഭിപ്രായമുണ്ട്. ഈ പുതിയ കത്തോലിക്കാമാസികക്കു സകല വിജയങ്ങളും ഞങ്ങൾ ഹാർദ്ദമായി ആശംസിച്ചുകൊള്ളുന്നു.

---

# മനോഗുണ വിവരങ്ങൾ

☞ ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേർ അടച്ചു അപേക്ഷിക്കണം.

വി. ചെറുപുഷ്പത്തിൻെറ സഹായത്താൽ ഭാര്യക്കു സുഖമായ പ്രസവം. ലഭിച്ചതിനു ഉപകാരസ്മരണ.

എൻ. യൂ. പി. കഴക്കൂട്ടം.

വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥത്താൽ സുഖക്കേടുകൾ നിങ്ങിയതിന്. റോസക്കുട്ടി, മുത്തലപുരം.

ഉണ്ണിയീശോയുടെ വി. ചെറുപുഷ്പം മൂലം ഒരു സഹായം ലഭിച്ചതിനു ഉപകാരസ്മരണ.

ജെ. പി. തൊടുപുഴ.

വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥത്താൽ എൻെറ കുട്ടിയുടെ രോഗം ശമിച്ചതിനു.

ശ്രീമതി കെ. പി. ലോനപ്പൻ,

വി. ചെറുപുഷ്പത്തിൻെറയും കുര്യാളശ്ശേരിൽ മാർത്തോമ്മാമെത്രാനച്ചൻെറയുംസഹായത്താൽ ഒരു അസാദ്ധ്യകാര്യം സാധിച്ചു കിട്ടിയതിനു് ഉപകാരസ്മരണ. എസ്. ജെ വി. അതിരമ്പുഴ.

വി. അന്തോനീസിൻെറയും വി. കൊച്ചുത്രേസ്യായുടെയും മാദ്ധ്യസ്ഥം മൂലം എൻെറ കുടുംബത്തിൽ കിട്ടിവരുന്ന വിവിധ മനോഗുണങ്ങൾക്കു പ്രതിനന്ദി.

വി. പി. പി. സിലോൺ.

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

കുറവിലങ്ങാട്ടുപള്ളിയിടവക വട്ടക്കുഴിയിൽ ദേവസ്യാ- ഒക്ടോബർ 14. വയസ്സ 75

മി. മാത്യു മുരിക്കൻ എം. എൽ. സിയുടെയും മററും മാതാവായ മുട്ടുചിറപ്പള്ളിയിടവക മുരിക്കൻ പൈലോ അന്ന. നവംബർ 1. വയസ്സ 58.

പരേതനായ ഞായപ്പള്ളിൽ ബ. യൌസേപ്പച്ചൻെറ സഹോദരപുത്രനും, റെവ. പീററർ ഞായപ്പള്ളിയുടെ പിതൃസോദരനുമായ വൈക്കംകൊതവറപ്പള്ളിയിടവക ഞായപ്പള്ളിലായ മുണ്ടക്കൽ ഇട്ടൂപ്പ് യൌസേപ്പ്- നവംബർ 5. വയസ്സ 64.

വൈക്കത്തുപള്ളിയിടവക പുത്തനങ്ങാടി കിഴക്കേക്കുററു ഔസേപ്പിൻെറ ഭാര്യ ത്രേസ്യാ- നവംബർ 13 വയസ്സ 47.

പുറക്കരി ബ. ദേവസ്യാച്ചൻെറ ജ്യേഷ്ഠൻ അതിരമ്പുഴപ്പള്ളിയിടവക പുറക്കരിയിൽ കുര്യൻ മത്തായി. നവംബർ 22. വയസ്സ 66.

## പ്രാർത്ഥനാനിയോഗങ്ങൾ.

☞ താഴെ കൊടുത്തിരിക്കുന്ന നിയോഗങ്ങൾക്കായി കുസുമ വായനക്കാർ പ്രത്യേകം പ്രാർത്ഥിക്കണമെന്നപേക്ഷ.

മൂന്നാലുവർഷത്തെ ആണ്ടുകുമ്പസാരം മുടക്കുള്ള ഒരാൾ തക്ക ഒരുക്കത്തോടെ കുമ്പസാരിക്കുന്നതിനും, ഉദാരനായ ഒരു കച്ചവടക്കാരൻെറ വ്യാപാരം അഭിവൃദ്ധിപ്പെടുന്നതിനും, ഒരു വാഗ്ദാനം ശരിയായി നിർവ്വഹിക്കുന്നതിനും, ഒരു വിദ്യാർത്ഥി പരീക്ഷയിൽ ജയിക്കുന്നതിനും- എൻെറ ചിട്ടിയിൽ പിരിയേണ്ട പണമൊക്കയും വേഗത്തിൽ പിരിഞ്ഞുകിട്ടുന്നതിനും, കൂടാതെ മംഗളമായി നടക്കുന്നതിനും- ഉദ്ദിഷ്ടകാര്യം സാധിച്ചുകിട്ടുന്നതിനും-എന്നെ അതികഠിനമായി ബാധിച്ചിരിക്കുന്ന സുഖക്കേടുകൾ നീങ്ങുന്നതിനും, തദ്വാരാ സ്വകർത്തവ്യ നിർവ്വഹണത്തിനു പര്യാപ്തനാകുന്നതിനും— കുറെനാളായി എന്നെ ബാധിച്ചിരിക്കുന്ന അതികഠിനമായ തലയുടെ ദീനവും മററു സുഖക്കേടുകളും നീങ്ങികിട്ടുന്നതിനും- കാണാതെ പോയ രണ്ടു സാധനങ്ങൾ കണ്ടുകിട്ടുന്നതിനും- ആഗ്രഹാനുസരണം സ്ഥലംമാററവും ഉദ്യോഗകയററവും ലഭിക്കുന്നതിനും, കുടുംബസമാധാനമുണ്ടാകുന്നതിനും, കടബാദ്ധ്യതയാൽ നഷ്ടീഭവിച്ച കുടുംബവസ്തുക്കൾ തിരിച്ചുകിട്ടുന്നതിനും മ്ശിഹാക്കു ഹിതകരമായ ജീവിതരീതിയെ പിന്തുടരുന്നതിനും, ശത്രുക്കളിൽനിന്നു രക്ഷപ്രാപിക്കുന്നതിനും- എൻെറ സഹോദരൻെറ സ്വഭാവദൂഷ്യം നീങ്ങുന്നതിനും, സ്കൂൾഫൈനൽപരീക്ഷയിൽ പാസ്സാകുന്നതിനും, അന്യായമായി എൻെറ പേരിലുണ്ടായിട്ടുള്ള ഒരു കേസിൽ സത്യമായ വിധികിട്ടുന്നതിനും- വളരെ നാളായി എന്നെ സദാ ഉപദ്രവിച്ചു കൊണ്ടിരിക്കുന്ന ഉദരരോഗം മാറുന്നതിനും ഉദ്ദിഷ്ടകാര്യം സാധിക്കുന്നതിനും- കുറെനാളായി ചിലക്ക് എൻെറ മേൽ തോന്നിയിരിക്കുന്ന ദുരഭിപ്രായം നീങ്ങിക്കിട്ടുവാനും, ചില ലൌകിക ബന്ധപ്പാടുകളിൽ നിന്നു രക്ഷപെടുവാനും, മന:സമാധാനം പ്രാപിക്കാനും- തക്കതായ ഒരു ജോലികിട്ടുന്നതിനും ഉദ്ദിഷ്ടകാര്യം സാധിക്കുന്നതിനും- അന്യാധീനപ്പെട്ട വസ്തു തിരിച്ചുകിട്ടുന്നതിനും, ഞങ്ങൾ സഹോദരന്മാർ തമ്മിലുള്ള വിരോധം നീങ്ങി ഞങ്ങളിൽ ക്രിസ്തീയ ഉപവിയും ശാശ്വതമായ യോജിപ്പും ഉണ്ടാകുന്നതിനും- ചില "ശാവോൽ"മാർ മാനസാന്തരപ്പെട്ടു പൌലോസുമാർ ആയിത്തീരുന്നതിനും-

# കർമ്മല കുസുമം.

## ൨൮-ാം പുസ്തകം.

## വിഷയ വിവരണിക.


പേജ്.

അസാദ്ധ്യകാൎയ്യങ്ങളുടെ മദ്ധ്യസ്ഥയായ വി. റീത്താ, 38
(ശ്രീമാൻ എൽ. എ. തോമസ് തുശ്ശിനാപ്പള്ളി)

അവിശ്വാസത്തിന്റെ ഫലം (പദ്യം) 57
(ശ്രീമാൻ മുകളയിൽ ജോസഫ് വാദ്ധ്യാർ.)

അനുദിനസൽപ്രസാദസ്വീകരണം. (റവ. ഫാദർ പീയൂസ് സി. ഡി.) 129

അനന്തനിക്ഷേപമായ വി. കുർബാന. (റവ. ഫാദർ ജോസഫ് കൊട്ടപ്പുന) 1:4

അന്ധയായ റഷ്യാ. (റവ. ഫാദർ എജീദിയോസ് സി. ഡി.) 161

അകത്തോലിക്കവാദങ്ങൾക്കുകത്തോലിക്കപ്രത്യുത്തരം. (റവ. ഡാക്ടർ പ്ലാസിഡ്
സി. ഡി. പി. എച്ച്. ഡി. ഡി ഡി ഡി. സി. എൽ.) 206, 236, 257, 278

അഭിനന്ദനീയമായ സ്വാൎത്ഥപരിത്യാഗം. 212

അകത്തോലിക്കർ ഗാഢമായി ചിന്തിക്കേണ്ട സംഗതികൾ. 231
(ശ്രീമാൻ ജോൺ എം. പള്ളിക്കുന്നേൽ.)

അമലോത്ഭവഗീതം (ശ്രീമാൻ സെബാസ്ത്യൻ കോയിൽപ്പറമ്പിൽ) 267

ഇന്നത്തെ ബേസ്ലഹം. (റവ. ഡാക്ടർ പ്ലാസീഡ് സി. ഡി. പി. എച്ച്. ഡി.
ഡി. ഡി. ഡി. സി. എൽ.) 10

ഈശോയുടെ നോട്ടവും അനുതപ്തനായ വി. പത്രോസും. 127
(റവ. ഫാദർ തോമസ്, പി. മണക്കാട്ട്.)

ഈയിടെറോമിൽ നടന്നഒരുഅത്ഭുതസംഭവം (ഫാദർ അലക്സാണ്ടർ സി ഡി.) 274

ഈശോമിശിഹായിക്കു സ്തുതിയായിരിക്കട്ടെ. (പി. എച്ച്. എഫ്.) 234

ഈശോ നമ്മുടെ മഹാപുരോഹിതൻ. (റവ. ഫാദർ എപ്രേം, സി. ഡി.) 250

ഉണൎന്നിട്ടവിൻ. (കീൎത്തനം) (ശ്രീമാൻ, വി. എസ്സ്. അൻഡ്രൂസ്) 3

ഒരു മിഷ്യനറിവൈദികന്റെപ്രാൎത്ഥന. (പദ്യം) (റവ. തോമസ് വാളിപ്ലാക്കൽ 159

ഒരു പുതിയ മാസിക. 283

കത്തോലിക്ക സന്യാസികൾ. (സത്യദീപം) 11

കത്തോലിക്കാ ജനസംഖ്യ. (ശ്രീമാൻ കെ. സി. വക്കി, ബി. എ. എൽ. റ്റി.) 131

കൎമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്.

ഉപവി 189

ഉപവിയുടെ ആവശ്യവും ലക്ഷണങ്ങളും. 211

ഉപവി ക്ഷമയുള്ളതാകുന്നു. 261

കൎമ്മലനാഥാഭക്തി. 164

കാവൽ മാലാഖാമാരോടുള്ള ഭക്തി 288

ക്രീസ്മസ്. 281

ബനീഞ്ഞാ കൊൺസൊലാത്ത. 18, 44, 67, 92

മിഥുനമാസവണക്കം. 141

മേയ് മാസവണക്കം. 116

മദ്ധ്യസ്ഥർ

വി. അന്ത്രയോസ് കൊർസീനി. 45

പേജ്.
മാർ അപ്രേം. 142
വി. അല്ലോൻസ് റോഡ്ഗേസ്. 238
വി. എഡ്മെണ്ട്. 261
വി. ഗീവറുഗീസു സഹദാ. 93
വി. ജോവാൻ ഓഫ് ആക്ക്. 117
വി. ബെണ്ണാർദ്ദ മല്ലാൻ. 164
വി. യസ്സീന്തു്. 190
വി. യൌസേപ്പു പിതാവ്. 67
വി. യൌസേപ്പു കുപ്പർത്തീനോ. 24
വ. ഉൎസുല ബനിങ്കാസ്. 282
വി. സെബസ്ത്യാനോസു സഹദാ. 19
കർമ്മലനായികാസ്തവം. (വിദ്വാൻ സി. എം. സെബാസ്റ്റ്യൻ.) 147
കർമ്മല ഉത്തരീയ ഭക്തി. (ഫാദർ ഹില്ലാര്യോൻ സി. ഡി.) 149
കർമ്മല ഉത്തരീയ വൈശിഷ്ട്യം. (റവ. ഫാദർ പ്ലാസിഡ്, സി. ഡി. പി. എച്ച്. ഡി. ഡി. ഡി. ഡി. സി. എൽ. 151
കത്തോലിക്കർ എന്തുവിശ്വസിക്കുന്നില്ല? 176
കത്തോലിക്കരും അത്ഭുതങ്ങളും. (റവ. ഫാദർ വില്യം, സി. ഡി. എം. ഏ. ഓണേഴ്സ് എൽ. ററി.) 228
കത്തോലിക്കർ വിശാലബുദ്ധികളാണോ? 260
പ. കന്യക മറിയത്തിൻെറ സ്വർഗ്ഗാരോഹണം. (റവ. ഫാദർ, പ്ലാസിഡ് സി. ഡി., പി.എച്ച്.ഡി.ഡി.ഡി.ഡി.സി.എൽ.) 173
പ. കന്യക മറിയത്തിൻെറ സ്വർഗ്ഗാരോഹണം (പദ്യം) (ശ്രീമാൻ ആർ അൻറണി തൊകലത്തു്) 177
വി. കുർബാനയുടെ മാഹാത്മ്യം (ശ്രീമാൻ ആർ അൻറണി തൊകലത്തു്) 86
കുർബാന കാണുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ. 182
കുഞ്ഞുവേദസാക്ഷികൾ (ഫാദർ പീയൂസ് സി. ഡി.) 276
വി കുരിശിൻെറ പുകഴ്ച (ഫാദർ എമ്മാനുവേൽ സി. ഡി.) 200
ക്രിസ്തുവിൻെറകുരിശുമരണം. (ശ്രീമാൻ ജോൺ മാണിക്കനാംപറമ്പിൽ.) 61
വി. ക്രിസ്റ്റോഫർ—യാത്രക്കാരുടെ പ്രത്യേകമദ്ധ്യസ്ഥൻ. (കെ. പി.) 136
ചരമപാത്രകൾ. 23, 48, 72, 95, 120, 144; 167, 192, 216, 240, 264, 284
ചിലവ്രതയവ്വസ്തുകങ്ങൾ. 114
ജപമാലരാജ്ഞീ കീർത്തനം. (വിദ്വാൻ സി. എം. സെബാസ്റ്റ്യൻ.) 219
ജപമാലഭക്തി. 221
ജപമാലരാജ്ഞിയുടെ വാഗ്ദത്തങ്ങൾ. (റവ. ഫാദർ റൊമെയോ തോമ്മസ് സി. ഡി. എം. ഏ. എൽ. ററി.) 223
ജഫ്റസിൻെറ ദശവിധികൾ. (കു. ദീപം.) 69
വി. ജോവാൻ ഓഫ് ആക്ക (ശ്രീമാൻ എൽ. സി. ഐസക്ക ബി. ഏ. 106
തിരുഹൃദയ പൊതു നിയോഗങ്ങൾ.
അകത്തോലിക്ക വാർത്താവിതരണ നിയന്ത്രണം. 163
എല്ലാവരും ഒന്നായിരിപ്പാൻ. 17
കത്തോലിക്ക രാജ്യങ്ങളിൽ അകത്തോലിക്കാപ്രസ്ഥാനങ്ങൾ. 188
കത്തോലിക്ക വിദ്യാലയങ്ങൾ. 43
കാത്തേജിലെ ദിവ്യകാരുണ്യമഹാസംഘം. 91
കൂട്ടമായപ്രാർത്ഥന. 237
കൂലിവേലക്കാരുടെ മദ്ധ്യസ്ഥനും മാതൃകയുമായ വി. യൌസേപ്പ്. 65
തിയോസഫിയോടു പോരാട്ടം. 210

പേജ്.
തിരുഹൃദയഭക്തരുടെ വദ്ധനവു. 140
പരിശുദ്ധതയുടെസംരക്ഷകയും മാതൃകയുമായ സ്വർഗ്ഗരാജ്ഞി. ഭക്തി. 113
പരിശുദ്ധപിതാവിൻെറ ജൂബലിയെപ്പററി ദൈവത്തിനു നന്ദി. 280
ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കളെ സഹായിക്ക. 259
തിരുഹൃദയകീർത്തനം. (റവ.സിസ്റ്റർ ബനീഞ്ഞാ.) 123
,, ,, (സരസ കവി. ഏ. ഡാനിയേൽ കണിയാങ്കട.) 243
തിരുഹൃദയഭക്തി. റവ. ഫാദർ ഹില്ലാര്യോൻ സി. ഡി. 125
ത്രികാല ജപം. (റവ. കെ. വടക്കഞ്ചേരി.) 160
ദിവ്യബലി. (കം. നി. മൂ. സ. ബ. അപ്രേംപട്ടക്കാരൻ) 58
ദേവമാതാവിനെക്കുറിച്ചുള്ള വി. ഗബ്രിയേൽ പസ്സാന്തിയുടെ ഒരു വിശ്വാസ
പ്രമാണം. (റവ. മാക്കിൽ അബ്രാഹം ശമ്മാശ്ശ്) 87
ദേവമാതൃ കീർത്തനം. (റവ. ഫാദർ അബ്രാഹം വടക്കേൽ ബി. എ. പി.
എച്ച്. ഡി. ഡി. ഡി.) 99
പ. ദേവമാതാവിൻെറ പിറവിത്തിരുനാൾ. (ഫാദർ ഹില്ലാര്യോൻ സി.
ഡി.) 197
ദൈവത്തിൻ മാതാവേ! (കീർത്തനം) (റവ. ഫാദർ മാത്യൂ വടക്കേയിൽ) 27
ദൈവേഷ്ടപ്രസാദത്തിലിരിക്കുന്ന ആത്മാവിൻെറ മഹത്വം.
(ഫാദർ അലക്സാണ്ടർ, സി. ഡി.) 152
ദൈവംതന്നെ നമ്മുടെ ബലി. (ഫാദർ അപ്രേം സി. ഡി.) 172
നന്മനിറഞ്ഞമറിയം. (പദ്യം) ററി. വി. അഗസ്റ്റിൻ ഫെർണാണ്ടസ്. 32
നമ്മുടെ ക. പൂങ്കാവന ധ്യാനം. (പദ്യം) (ഒരു യുവകവി) 82
നമ്മുടെ കന്യാസ്ത്രീകൾ. (റവ. ഫാദർ തോമസ് മൂഞ്ഞേലി.) 54
നമ്മുടെ അഭയസ്ഥാനം (ക്രൂനംമൂച്ചി, പി. ഏ. തോമസ്) 275
നന്മയിലെന്നെ കാത്തുകൊള്ളണേ. (പദ്യം) (ററി. വി. അഗസ്റ്റീൻ
ഫെർണാണ്ടസ്.) 251
പഞ്ചാംഗം. 24, 25, 49, 73, 97, 121, 145. 169, 193, 217, 241, 265
പരിശുദ്ധ പിതാവും വേദപ്രചാരണവും. (റവ.ഡാക്ടർ സിറിയക്ക കാപ്പിൽ
പി. എച്ച്. ഡി.) 6
പരിശുദ്ധ കന്യകമറിയത്തിൻെറ അമലോത്ഭവം
(ഫദർ റൊമേയൊ തോമസ് എം.ഏ. (ഓണേഴ്സ്), എൽ.ററി.) 269
പാപികളുടെ നികൃഷ്ടാവസ്ഥ. (കെ. എം.) 255
പിറവിയുടെ ശേഷം. (റവ. ഫാദർ വില്യം സി. ഡി. എം. ഏ.എൽ. ററി.) 5
പുൽക്കൂട്ടിലെ ദൈവപുത്രൻ. (പദ്യം)
(മഹാകവി കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.) 8
പുൽക്കൂട്ടിലെ ഉണ്ണി (പദ്യം) (ശ്രീമാൻ എം.കെ. വറുഗീസ്, ററീച്ചർ) 273
പുതിയ പ്രസിദ്ധീകരണങ്ങൾ. 21, 46
പുസ്തകാഭിപ്രായം. 165, 190, 262
പ്രസാധകക്കുറിപ്പുകൾ. 3, 27, 51, 75, 99, 123, 147, 177, 195, 219, 24 , 267
പ്രാർത്ഥനാനിയോഗങ്ങൾ. 215, 240, 264, 284
മണവാളനുവേണ്ടി മരണം. (ശ്രീമാൻ ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ട്) 40
മാനസാന്തരങ്ങളും മതാഭിവൃദ്ധിയും. (മേരീദാസ്) 64
മാർ തോമ്മാശ്ലീഹായുടെ മരണത്തിരുനാൾ.
(റവ. ഫാദർ റൊമെയോ തോമസ്, സി. ഡി. എം.ഏ.എൽ.ററി.) 154
മിശിഹായുടെ രാജത്വം. (റവ. ഫാദർ തോമസ് മൂഞ്ഞേലി) 226
മെയ് മാസവണക്കം. 101
മെയ് മാസകീർത്തനം. (ഏ. അൻറണി ഫ്രണാണ്ടസ് ശാസ്താംകോട്ട) 108

പേജ്.
മനോഗുണവിവരങ്ങൾ. 22, 47, 71, 95, 119, 144, 167, 1922, 15, 240, 263, 283.
വി. യൌസേപ്പിൻ കീർത്തനം. (ശ്രീമാൻ എം. ജോൺ പള്ളിക്കുന്നേൽ) 51
രണ്ടു കത്തോലിക്ക മഹാന്മാരുടെ ജ്ഞാനധ്യാന നിശ്ചയങ്ങൾ. 111
(റവ. ഫാദർ അഗസ്റ്റിൻ നടയം.)
ഫാദർ ലൂക്കാസിന്റെ കൊന്തകൾ.
(ശ്രീമാൻ കുര്യാക്കോസു കൊട്ടകാരം ബി. എ.) 36
ലൂർദ്ദിലെ ഒരത്ഭുതം. (ഫാദർ സിറിയക്ക കാപ്പിൽ പി. എച്ച്. ഡി.) 207
വി. ലൂസിയാ. (റവ. ഫാദർ അഗസ്റ്റിൻ, നടയം). 253
ലോകരക്ഷകൻ. (റൈററു റവ. മോൺ. ആന്റണി പുതുശ്ശേരി.) 8
ലോകാംബികാ കീർത്തനം (ശ്രീമാൻ കെ. സി. അബ്രാഹം മുണ്ടക്കയം.) 171
വർത്തമാനസംഗ്രഹം. 21, 46, 69, 92, 118, 143, 166, 191, 213, 239, 262
വനിതാവിനയം. 138
വിദ്യാഭ്യാസം സംബന്ധിച്ച പ. പിതാവിന്റെ പരസ്യലേഖനം.
(ശ്രീമാൻ വി. സി. ജോർജ്ജ് ബി.എ.എൽ.ററി.) 89
വില്ലേജ് മുൻസിപ്പും പ്രോട്ടസ്റ്റന്റു മിഷ്യനറിയും 184
(ഫാദർ പീയൂസ് സി. ഡി.)
ഫാദർ വെല്ലന്റെ മാനസാന്തരം. (ശ്രീമാൻ കെ. ജ. ജോബ് ബി.എ.എൽ.ററി.) 15
വേദപ്രചാരമദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യാ. 77
(ഫാദർ എജീദിയോസു സി. ഡി.)
വേദപാരംഗതനായ വി. ബെർണ്ണാർഡ്. (ആർ. സി. ഡി.) 180, 203
വൈദികകർമ്മങ്ങളുടെ ഉത്ഭവവും മഹത്വവും. 12
(ശ്രീമാൻ വി. സി. ജോർജ്ജ് ബി. എ. എൽ. ററി.)
വ്യാകുലമാതൃകീർത്തനം. (ശ്രീമാൻ ററി. കെ. വർക്കി ചേർത്തല) 75
വ്യാകുലമാതാകീർത്തനം. (ക. നി. മൂ സ. മാണിക്കത്തനാർ) 195
ശുദ്ധീകരണാത്മാക്കൾ. (റവ. ഫാദർ അലക്സാണ്ടർ സി. ഡി.) 245
സത്യവിശ്വാസം. (റവ. ഫാദർ അലക്സാണ്ടർ സി. ഡി.) 29, 53
സത്യത്തിന്റെ സമരം. (ഫാദർ അഗസ്റ്റീൻ നടയം) 248
സിയന്നായിലെ മഹാ അത്ഭുതം. (റവ. ഫാദർ എജീദിയോസ് സി.ഡി.) 33
സുവിശേഷവിവരണം. 198, 224, 246, 271
സൈന്യങ്ങൾ കർത്താവിനെ ആരാധിക്കുന്നു. (W. C. D.) 80
സ്ത്രീവാദ്ധ്യയനം. (S. B. T.) 84
സ്വർഗ്ഗത്തിന്റെ വാതിൽ. (റവ. എൽ. ജെ. ചിററൂർ, റോമാ.) 31
സ്വർഗ്ഗത്തിൽ നിന്നും പഠിച്ച ഒരു പാഠം. 109
(റവ. ഫാദർ എജീദിയോസു സി. ഡി.)
സ്വാതന്ത്ര്യസീമ. (റവ. ഡാക്ടർ മാത്യു വരിക്കയിൽ 104
പി. എച്ച്. ഡി. ഡി. ഡി., ബി. സി. എൽ.)
സ്ലാലസാംകത അഥവാ വി. കോവണി. (റവ. എൽ. ജെ. ചിററൂർ.) 132
റഷ്യയിലെ മതപീഡനം. (റവ. ഫാദർ തോമസ് കളം) 60
ക്ഷമിക്കലും മറക്കലും. (ശ്രീമാൻ ജോൺ മാണിക്കനാംപറമ്പിൽ) 208

*L. D. S. & M.*

Printed and Published for the Proprietor by P. K. Joseph at the St. Joseph's Press, Mannanam 1930.

KARMALA KUSUMAM 1929-30
C15 1929-30
02001286
Indic Digital Archive Foundation
gpura.org